Reg: No K. 31

തൊഴിലാളി

Founder: Father Vadakkan : Managing Editor B. Wellington B. A.

പുസ്തകം 12 | ലക്കം 135 | 1965 മേയ് 23 ഞായർ തൃശൂർ | വില 10 പൈസ | പേജ് 6

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ്ഫീ	പോസ്റ്റ്ഫ്രീ
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
എജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് അടക്കം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

നന്ദ വിശ്രമത്തിന്നു°

[പി. ടി. ഐ) ന്യൂഡൽഹി മേയ് 22

കേന്ദ്ര അഭ്യന്തരകാര്യമന്ത്രി മി. ജി. എൽ. നന്ദ ഏതാനും ദിവസത്തെ വിശ്രമത്തിന്നായി മാനാളിയിലേയ്ക്കു പോകുമെന്നു° അറിവായിരിക്കുന്നു. അദ്ദേഹത്തിൻറെ പരിപാടിക്കു° അവസാനരൂപം നൽകിക്കഴിഞ്ഞിട്ടില്ല. എങ്കിലും അദ്ദേഹം അടുത്ത ആഴ്ച അങ്ങോട്ടു പോയേക്കും.

ഈ വർഷംമുതൽ ഡിഗ്രികോഴ്സു കഠിനം സായാഹ്നക്ലാസ്സുകളും

സാന്തൊ ഡൊമിങ്കോയിൽ വെടിനിർത്തൽ പ്രാബല്യത്തിൽ

(റോ) ഐക്യരാഷ്ട്രങ്ങൾ, മേ. 22

സാന്തൊ ഡൊമിങ്കോയിൽ ഒരു വെടിനിർത്തൽ പ്രാബല്യത്തിൽ വന്നിരിക്കുന്നതായി ഐക്യരാഷ്ട്ര സിക്രട്ടറി ജനറാലും ഉതാണ്ടു° ഇവിടെവെച്ചു° പ്രസ്താവിച്ചു.

ഡൊമനിക്കൻ പ്രശ്നം സംബന്ധിച്ചു വാദപ്രതിവാദങ്ങൾക്കായി സെക്യൂരിറ്റി കൌൺസിൽ യോഗം പുനരാരംഭിച്ച പ്പോളാണു° ഉതാണ്ടു° ഇക്കാര്യം അറിയിച്ചതു°.

സാന്തൊ ഡൊമിങ്കോയിലെ തൻറെ പ്രതിനിധി ഡോ: അന്തോനിയൊ മയോബ്രെയിനുനിന്നും ലഭിച്ച ഒരു സന്ദേശം ഉതാണ്ടു° വായിച്ചു. ഏതാനും മെറപ്പെട്ടവെടിവെപ്പുകളുണ്ടായതൊഴിച്ചാൽ വെടിനിർത്തൽ പ്രാബല്യത്തിൽ വന്നതായി സന്ദേശത്തിൽ പറഞ്ഞ. പരുക്കേറ്റവരെ മാറിക്കൊണ്ടിരുപോകുന്ന ജോലി റെഡ്ക്രോസ്സുകാർ ആരംഭിച്ചുകഴിഞ്ഞ വെടിനിർത്തൽ കരാർ 24 മണിക്കൂർ നേരത്തേയ്ക്കുകൂടി നീട്ടണമെന്നു° ഡോ. മയോബ്രെ അഭ്യർത്ഥിച്ചിട്ടുള്ളതായും ഉതാണ്ടു° പറഞ്ഞു.

....

ഗവണ്മെൻറു നിലപാടു° പുനഃപ്പരിശോധിക്കണം

(പി ടി ഐ) ബോംബെ, മേ. 22

തക്കുങ്ങളുടെ പരിഹാരം, പദ്ധതിയുടെ പ്രവർത്തനം, വിലനയം, ബോണസ് കമ്മീഷൻ റിപ്പോർട്ടു° എന്നിവ ഉൾപ്പെടെയുള്ള വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചു ഗവണ്മെൻറുനിലപാടു° പുനഃപ്പരിശോധിക്കണമെന്നു° റയിൽ വേജ്വിനക്കാരുടെ നാഷണൽ ഫെഡറേഷൻ പ്രസിഡണ്ടു° മി. എസ്. ആർ. വാസവദ ഗവണ്മെൻറിനോടാവശ്യപ്പെട്ടിരിക്കുന്നു.

ഫെഡറേഷൻറെ 9_ാംവാർഷികത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ടു° പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

....

മിറാജ്കാരെ പരോളിൽവിട്ടു

(പി ടി ഐ) ബോംബേ, മെ 22

ഇടതുകമ്മ്യൂ. തടവുകാരനായ എസ്. എസ്. മിറാജ്കാരെ ആരോഗ്യപരമായ കാരണങ്ങളാൽ 10 ദിവസത്തേക്കു° പരോളിൽ വിട്ടിരിക്കുന്നു. ബോംബേമുനി. കോർപ്പറേഷനിലെ ഒരു കമ്മ്യൂ. അംഗമായ ഡോ. ആർ ബി. മോറേ 2000 കയുടെ ജാമ്യം നിന്നു.

മിറാജ്കാരെ ചികിത്സിപ്പിക്കുവേണ്ടി ജയിൽ ഹോസ്പിറ്റലിൽനിന്നും നാളെ കെ ഇ. എം. ഹോസ്പിറ്റലിലേയ്ക്കു മാറ്റുന്നതാണു°.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ആരംഭിക്കുന്നു

(പി. ടി. ഐ) തിരുവനന്തപുരം മെയ് 22

1965_66 സ്ക്കൂംവർഷംമുതൽ ഡിഗ്രികോഴ്സുകൾക്കുള്ള സായാഹ്നക്ലാസ്സുകൾ കേരളത്തിൽ ആദ്യമായി ആരംഭിക്കുന്നതാണു°

തിരുവനന്തപുരത്തെ യൂണിവേഴ്സി സിറ്റികോളേജിലാണു° ഇതു° ആരംഭിക്കുന്നതു°. മാതമാറിക്സു° മെയിൻ, മതമാറ്റിക്സു° സബ്സിഡിയറി, ഫിലോസഫി, ഹിസ്റ്ററി, എക്കണോമിക്സു°, മലയാളം, ഹിന്ദി എന്നീ വിഷയങ്ങൾക്കുള്ള ഡിഗ്രികോഴ്സുകൾക്കായിരിക്കും ക്ലാസ്സുകൾ നടത്തപ്പെടുന്നതു°. സിലബസ്സും പഠിപ്പിക്കുന്നകളുമെല്ലാം മറ്റു കോളേജുകളിലേതിനോടു° തുല്യമായിരിക്കും. പ്രവേശനക്കാര്യത്തിൽ ജോലിയുള്ളവർക്കു° മൻഗണന ലഭിക്കും. വൈകിട്ടു° 5_30 മുതൽ 8_30 വരെയാണു° ക്ലാസ്സുകൾ നടക്കുന്നതു°.

യൂണിവേഴ്സിറ്റി പരീക്ഷയുടെ തുല്യമായ മറ്റു° പരീക്ഷകളോ പാസ്സായിട്ടുള്ളവരും മൻതിരുവിതാംകൂർ സൂചകലാശാലയിൽ ഇൻറർമീഡിയറു° പരീക്ഷയുടെ° എഴുതി ഒരു നിശ്ചിതമാർക്കു° വാങ്ങിയിട്ടുള്ളവരും മറു° കോളേജുകളിൽനിന്നു° പഠനം മുടങ്ങിയവരും സായാഹ്നക്ലാസ്സിലെ പ്രവേശനത്തിനു° അപേക്ഷിക്കാവുന്നതാണു°.

ഒരു വർഷത്തിൽ പരമാവധി 250 ക്ലാസ്സുദിവസങ്ങളും ഉണ്ടായിരിക്കും. 150 കു. യാണു° വാർഷികട്യൂഷൻഫീസു°. അതു° പത്തു° രൂപ തവണകളായി അടച്ചാൽ മതി. കൂടാതെ പ്രവേശനഫീസും മറ്റും ഉണ്ടായിരിക്കും,

....

ഈശോസഭയുടെ പുതിയ ജനറാളിനെ തിരഞ്ഞെടുത്തു

[എ എഫ് പി]

വത്തിക്കാൻസിറ്റി മേ. 22

സ്പെയിൻകാരനായ 58 വയസ്സുള്ള ഫാദർ പെഡ്രോ അരുപ് ഈശോസഭയുടെ പുതിയ ജനറാളായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

സഭയുടെ ലോകമാസകലമുള്ള പ്രോവിൻസുകളിൽ നിന്നും സബ് പ്രോവിൻസുകളിൽനിന്നുമുള്ള 218 പ്രതിനിധികളുടെ ഒരു കോൺക്ലേവിൽവച്ചാണു° തെരഞ്ഞെടുപ്പു നടന്നതു°.

....

ചാപ്പാനെ കെട്ടിപ്പിടിച്ചു കരഞ്ഞു° ആനചെരിഞ്ഞു

[സ്വ ലേ] ഇരിഞ്ഞാലക്കുട മേ.22

തൃശ്ശൂർ പൂരത്തിനു° എഴുന്നള്ളിക്കുമ്പോൾ തലചുറ്റിവീണുവെന്നു പറയപ്പെടുന്ന പറത്താട്ടിയുടെ ആന മാപ്രാണത്തുള്ള ഒരു പറമ്പിൽവച്ചു° ഇന്നലെ കാലത്തു ചെരിഞ്ഞിരിക്കുന്നു. ആനയെ ഇരിഞ്ഞാലക്കുട്ടയ്ക്കു കൊണ്ടുപോകുന്നവഴി ഈ പറമ്പിൽ തളച്ചിരിക്കയായിരുന്നു.

ചെരിയുന്നതിനു മുമ്പായി ആന കരഞ്ഞതുകൊണ്ടു° പാപ്പാനെ മാടിവിളിച്ചു° ഇമ്പിംഒക്കൊണ്ടു° കെട്ടിപ്പിടിച്ചുരംഗം ആരുടേയും കണ്ണുകളം നനയിക്കുവാൻ പോരുന്നതായിരുന്നു. പാപ്പാനെ പൊട്ടിക്കരഞ്ഞുപോയി. ഇരുവരേയും ആനയെ കഴിച്ചിട്ടുവാൻ കഴിഞ്ഞിട്ടില്ല. ഉച്ചയ്ക്കുശേഷം വമിച്ചതുടങ്ങിയിട്ടുണ്ടു°.

ഇന്തോ-കൂവൈറ്റ് സഹകരണത്തെപ്പറ്റി ചർച്ച

[പി ടി ഐ] കുവൈറ്റ്, മേ. 22

കുവൈറ്റിലെ ആക്ടിംഗ് അമീർ ഷെയ്ക്കു° സഭ_അൽ സലിം അൽസബ്ബായും ഇന്ത്യൻ ഉപരാഷ്ട്രപതി ഡോ: സക്കീർ ഹുസൈനും തമ്മിൽ, സാമ്പത്തിക സാങ്കേതിക മേഖലകളിലെ ഇന്തോ_കുവൈറ്റ് സഹകരണത്തെപ്പറ്റി ചർച്ചചെയ്തിരിക്കുന്നു.

മുൻ പരിപാടിയൊന്നുമില്ലാതെ ആക്ടിംഗ് അമീർ, ഉപരാഷ്ട്രപതിയെ സ്വീകരിച്ചതിൽ വെച്ചു° കൊട്ടാരത്തിൽ വെച്ചാണു° കൂടിക്കാഴ്ച നടന്നതു°. പിന്നീടു° അവർ രണ്ടുപേരും ആക്ടിംഗ് പ്രധാനമന്ത്രി നൽകിയ ഒരു ഡിന്നർസല്ക്കാരത്തിൽ പങ്കെടുക്കുന്നതിന്നായി ദസ്മാൻ കൊട്ടാരത്തിലേക്കുപോയി.

....

മണ്ണെണ്ണ വരുന്നു

(പി ടി ഐ) തിരു. മേ. 22

ജൂൺ 8_ാം തീയതി കൊച്ചി തുറമുഖത്തു° മണ്ണെണ്ണയുമായി ഒരു ടാങ്കർ എത്തിച്ചേരുന്നതാണെ സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ ഇന്നനുഭവപ്പെടുന്ന മണ്ണെണ്ണക്ഷാമം ഗണ്യമായി കുറയുമെന്നു° ഒരു ഔദ്യോഗികവക്താവു പറഞ്ഞു.

സ്വന്തം നന്മയെ ഓർത്തു° പാക്കിസ്ഥാൻ കാശ്മീർ വിടണം_സാദിക്

(പി. ടി. ഐ) ശ്രീനഗർ മേയ് 22

നിയമവിരുദ്ധമായി കയ്യടക്കപ്പെട്ട ജമ്മു_കാശ്മീർ പ്രദേശത്തുനിന്നും പാക്കിസ്ഥാൻ, അവരുടെ തന്നെ താല്പര്യത്തെ ഓർത്തു° ഒഴിഞ്ഞുപോകണമെന്നു° കാശ്മീർ മുഖ്യമന്ത്രി മി. ജി. എം. സാദിക് ഇവിടെവെച്ചു പ്രസ്താവിച്ചു.

ശ്രീനഗർ സന്ദർശിച്ചുകൊണ്ടിരിക്കുന്ന വിദേശവിദ്യാർത്ഥികളുടെ ഒരു സംഘത്തോടു° സംസാരിക്കുകയായിരുന്നു അദ്ദേഹം. നിയമവിരുദ്ധമായി ഈ സംസ്ഥാനത്തിൻറെ ഒരു ഭാഗം കയ്യടക്കിവെച്ചിരിക്കുന്നതായി മാരസെയിൽസ് ആച്ചു°ബിഷപ്പു° മോൺ. മാർക്കു° ലാലിയർ ഇന്നലെ പ്രഖ്യാപിച്ചിരിക്കുന്നു.

പാക്കിസ്ഥാനോടു° സമാധാനപരമായി കഴിഞ്ഞുപോകുവാൻ ഞങ്ങൾ പറഞ്ഞിട്ടുണ്ടു°. ഒരു യുദ്ധം ചെയ്യുവാൻ നിശ്ചയിക്കപ്പെടുന്നവരെ, അതിൽ തുങ്ങി നില്പുറപ്പെന്നതാണു° ഞങ്ങളുടെ നയം എന്നും അദ്ദേഹം പറഞ്ഞു. നിരോധ്യവശാൽ പാക്കിസ്ഥാൻ ഞങ്ങളുടെ പ്രദേശത്തുനിന്നും കഴിഞ്ഞുപോയിട്ടില്ല. എന്നാൽ, കേരളവും മദിരാശിയും മഹാരാഷ്ട്രയുംപോലെ കാശ്മീർ ഇന്ത്യയുടെ ഒരവിഭാജ്യഘടകമാണെന്നു° അദ്ദേഹം പ്രസ്താവിച്ചു.

ഷേക് അബ്ദുള്ളയുടെ തടവിനെതുടർന്നു° കാശ്മീരിനകത്തുണ്ടായ ചില അസ്വസ്ഥതകളെ മി. സാദിക് പരാമർശിച്ചു.

സിറിയിലെ ചില ഭാഗങ്ങളിലുള്ള ഒരു പിടി തെമ്മാടികളുടെ പ്രവർത്തിയായിരുന്നഅതെന്നും അദ്ദേഹം പറഞ്ഞു.

....

നിരായുധീകരണ കമ്മീഷൻ ചർച്ച

അടുത്താഴ്ചത്തേക്കു നീട്ടി

[റോയിട്ടർ] ഐക്യരാഷ്ട്രങ്ങൾ, മേ. 22

ഐക്യരാഷ്ട്ര നിരായുധീകരണ കമ്മീഷനിൽ നടന്നവന്നിരുന്ന പൊതുവാദപ്രതിവാദം സമാപിച്ചിരിക്കുന്നു. സമ്മേളനം അടുത്ത ആഴ്ചവരേയ്ക്കു നീട്ടിവച്ചു. പ്രമേയങ്ങളെപ്പറ്റി അപ്പോൾ പരിഗണിക്കുന്നതായിരിക്കും.

ഇതുവരെ പ്രമേയങ്ങളൊന്നും മേശപ്പുറത്തുവെച്ചിട്ടില്ല. എന്നാൽ പ്രതിനിധികൾക്കിടയിൽ, പ്രത്യേകിച്ചു° ചേരിചേരാ രാഷ്ട്രങ്ങൾക്കിടയിൽ വിവിധ ആശയങ്ങൾ രഹസ്യമായി പർവ്വയ്പ്പെടുന്നുണ്ടു°. വന്നുന്ന ഞായാഴ്ചയോ ഈ ചർച്ചകൾക്കു° ഒരു രൂപം ലഭിക്കുമെന്നു° പ്രതീക്ഷിക്കുന്നു. തങ്ങളുടെ വിവിധ അഭിപ്രായഗതികളെ സംബന്ധിച്ചു° അനേകം രാഷ്ട്രങ്ങളും തമ്മിൽ കൂടത്ത അഭിപ്രായവ്യത്യാസങ്ങളും നടക്കുകയുണ്ടായി. എന്നാൽ കമ്മീഷനിൽ പ്രധാനമായും നടന്ന ചർച്ച അൺബൊമ്പരീക്ഷണ നിരോധനക്കാർ, അണുവായുധങ്ങളും വ്യാപിപ്പിക്കുന്നതിൽനിന്നു ഏതാനും കരാറുകളും സംബന്ധിച്ചു° 18 അംഗ ജനീവാ നിരായുധീകരണ കമ്മീറ്റിയിൽ കൂടിയാലോചനകളും ആരംഭിക്കൽഎന്നിവയെപ്പറ്റിയായിരുന്നു.

....

ആ പരിപ്പു° ഇവിടെ വേവില്ല

പാക്കിസ്ഥാൻറെ ഭ്രാന്തൻ പ്രചരണത്തെപ്പറ്റി ഫത്തെസിംഗ്

(പി. ടി. ഐ) ലുധിയാന, മേയ് 22

ഇന്ത്യാ ഗവണ്മെണ്ടിനെതിരായി പഞ്ചാബിലെ സിക്കുകാർ നീങ്ങിയിരിക്കുന്നുവെന്ന പാക്കു° റേഡിയോ_പത്രറിപ്പോർട്ടുകളം ഭ്രാന്തൻ നുണയായി, അകാലി നേതാവായ സാന്ത് ഫത്തെസിംഗ് വിവരിച്ചിരിക്കുന്നു.

സിക്കുകാർ എല്ലാ കാലത്തും രാഷ്ട്രത്തോടു° കൂറുള്ളവരാണു°. അവർ അങ്ങനെതന്നെ ഉറച്ചുനില്ക്കുമെന്നും അദ്ദേഹം പറഞ്ഞു.

പാക്കിസ്ഥാനിൽ അസംതൃപ്തിമായി കഴിയുന്ന ജനതയുടെ ശ്രദ്ധതിരിക്കുന്നതിന്നായി അവർ, ഇന്ത്യക്കെതിരായി ഉപജാപ്രചരണത്തിലേർപ്പെട്ടിരിക്കുകയാണു°. ഇന്ത്യാഗവണ്മെണ്ടുമായി എന്തെല്ലാം അഭിന്നാഭിപ്രായങ്ങളുണ്ടെന്നിരുന്നാലും അവയെല്ലാം നമുക്കുതന്നെ പരിഹരിക്കുവാൻ സാധിക്കും. എന്നാൽ എവിടെനിന്നെങ്കിലുമുള്ള രാജ്യത്തിൻറെ നേരെ വരുന്ന ഏതു° ആക്രമണവെയ്യിലും ഞങ്ങളും ശത്രുവിനെ തകർക്കുതന്നെ ചെയ്യുമെന്നും മി. സിംഗ് പറഞ്ഞു.

വാഷിംഗ്ടനല്ല, പീക്കിങ്ങിനാണു° കോട്ടം

ശാസ്ത്രിയുടെ റഷ്യൻ ദേശാടനത്തെപ്പറ്റി "ക്രിസ്ത്യൻ സയൻസു° മോനിട്ടർ"

(പി. ടി. ഐ) ന്യൂയോർക്ക്, മേ. 21

തുടർന്നു° സമ്പത്തികസഹായം നൽകുമെന്നു° റഷ്യയിൽനിന്നും ഉറപ്പുലഭിച്ചതിൽ പ്രധാനമന്ത്രി ശാസ്ത്രി കൈവരിച്ച നേട്ടത്തെ ക്രിസ്ത്യൻ സയൻസു° മോനിട്ടർ' സ്വാഗതം ചെയ്തിരിക്കുന്നു. വിയറാമിനെ സംബന്ധിച്ച ഇന്തോ_റഷ്യവിയറാമു° കമ്മ്യൂണിക്കേയ്ക്കു° താല്ക്കാലിക പ്രാധാന്യമേയുള്ളുവെന്നും സമ്പത്തികസഹായമാണു° പ്രധാനപ്പെട്ട കാര്യമെന്നും പത്രം തുടർന്നുചേർത്തു.

സോവിയറയൂണിയനും അമേരിക്കയും ലോകത്തിൻറെ പല ഭാഗങ്ങളിലും നടക്കുന്ന ശാക്തികസമരത്തിലെ രണ്ടു° ഊറാൻ എതിരാളികളാണെങ്കിലും ഇൻഡ്യയിലത്തുമ്പോൾ അവരുടെ ശാക്തികതാല്പര്യങ്ങൾ ഒന്നിക്കുകയാണു°. ശാന്തസമുദ്രപ്രദേശത്തിൻറെ ഏതു വ്യാഖ്യാനവും ഈ വസ്തുതകൂടി കണക്കിലെടുക്കേണ്ടതുണ്ടു°.

വിയറാമിനെപ്പറ്റിയുള്ള കോസിജിൻ_ശാസ്ത്രി കൂടുകിക്കേ 'അല്പം വിചിത്രം'മാണെന്നു° പത്രം വിശേഷിച്ചു സമാധാനത്തിനുവേണ്ടിയുള്ള ഹനോയിയുടെ പ്രതികരണം പ്രതീക്ഷിച്ചുകൊണ്ടു° വടക്കൻവിയറാ°നാമിനെതിരായ ബോംബാക്രമണം അമേരിക്ക നിർത്തിവെച്ചതും പ്രതീക്ഷിച്ച പ്രതികരണം ഹനോയിനല്കുതിരുന്നതും സംയുക്തപ്രസ്താവന കണക്കിലെടുത്തില്ല സാമ്പത്തികസഹായക്കാരിൻറെ പ്രാധാന്യത്തെയാണു° ഇതു കാണിക്കുന്നതു°. ശാസ്ത്രി മോസ്കോയിലായിരിക്കുമ്പോൾ വാഷിംഗ്ടണിലേയ്ക്കുള്ള സന്ദർശനത്തിനേക്കുറിച്ചു° പ്രഖ്യാപിക്കുകയുണ്ടായി. ലൂർട്ടിൽ താമസിക്കുന്നവരും ലൂർട്ടിൽ കൂടി കടന്നുപോകുന്നവരുമായ ഡോക്ടർമാരുൾപ്പെടെയുള്ള 29 വയസ്സായ ഈ യുവതി ഒരു നേഴ്സാണു°. 12_ാമത്തെ വയസ്സുമുതൽ, തൻറെ ഇടത്തെ തുടയിലുണ്ടായ അസ്ഥിരോഗം [Osteomyelitis] മൂലം അവർ വേദനതിന്നുകയായിരുന്നു. 11 വർഷത്തിനുള്ളിൽ ഒരു ഡസനിലധികം ശസ്ത്രക്രിയകൾക്കു° അവർ വിധേയയായി.

1959_ൽ ജൂലിയാറാ° ലൂർട്ടിലേക്കു° ഒരു തീർത്ഥാടനം നടത്തി. അവിടെ ദിവ്യജനനി പ്രത്യക്ഷയായ സ്ഥലത്തുള്ള ഗ്രോട്ടോയിലെ വെള്ളത്തിൽ അവർ കാൽകഴുകി. രോഗം ക്രമാനുഗതമായി ആശയങ്ങൾ രഹസ്യമായി പർവ്വയ്പ്പെടുന്നുണ്ടു°. വന്നുന്ന ഞായാഴ്ചയോ ഈ ചർച്ചകൾക്കു° ഒരു രൂപം ലഭിക്കുമെന്നു° പ്രതീക്ഷിക്കുന്നു. തങ്ങളുടെ വിവിധ അഭിപ്രായഗതികളെ സംബന്ധിച്ചു° അനേകം രാഷ്ട്രങ്ങളും തമ്മിൽ കടുത്ത അഭിപ്രായവ്യത്യാസങ്ങളും നടക്കുകയുണ്ടായി. എന്നാൽ കമ്മീഷനിൽ പ്രധാനമായും നടന്ന ചർച്ച അൺബൊമ്പരീക്ഷണ നിരോധനക്കാർ, അണുവായുധങ്ങളും വ്യാപിപ്പിക്കുന്നതിൽനിന്നു ഏതാനും കരാറുകളും സംബന്ധിച്ചു° 18 അംഗ ജനീവാ നിരായുധീകരണ കമ്മീറ്റിയിൽ കൂടിയാലോചനകളും ആരംഭിക്കൽഎന്നിവയെപ്പറ്റിയായിരുന്നു.

....

എഷ്യയുടെ രക്ഷയ്ക്കു° അണുബോംബു വേണമെന്നു° ഗോർഡൻവോക്കർ

(റോയിട്ടർ) വെല്ലിംഗ്ടൺ, മദ്ധ്യഇംഗ്ലണ്ടു°, മെയ് 22

ചീന അണുബോംബു° നിർമ്മിച്ചതിനെതുടർന്നു° ഏഷ്യൻ രാഷ്ട്രങ്ങൾക്കു° സംരക്ഷണം നൽകുന്ന ഒരു പദ്ധതിയുടെ ഭാഗമായി സൂയെസ്സിനു° കിഴക്കായി ഒരു സംയുക്തഅണുസേനയുടെ രൂപംകൊടുക്കണമെന്നു° മൻത്രിട്ടിഷ് ലേബർ വിദേശകാര്യസെക്രട്ടറി സർപാട്രിക് ഗോർഡൻവോക്കർ ഇന്നു നിർദ്ദേശിച്ചിരിക്കുന്നു.

....

സംസ്ഥാന അഭ്യന്തര കാര്യ മന്ത്രിമാരുടെ സമ്മേളനം

ന്യൂഡൽഹി, മെ. 22

ജൂൺ 6, 7 തിയതികളിലായി ഇവിടെ നടത്തപ്പെടുന്ന സംസ്ഥാന അഭ്യന്തരകാര്യമന്ത്രിമാരുടെ യോഗത്തിൽ അതിന്നിടയിൽ പ്രദേശങ്ങളിൽ എടുക്കേണ്ടവയിച്ചു സംരക്ഷണനടപടികളും പ്രധാനമായും ചർച്ച ചെയ്യപ്പെടുന്നതായിരിക്കും. കേന്ദ്ര അഭ്യന്തരമന്ത്രി നന്ദയാണു° കോൺഫറൻസു° വിളിച്ചുകൂട്ടുന്നതു°. പ്രധാനമന്ത്രി മി. ശാസ്ത്രിയോഗത്തെ അഭിസംബോധന ചെയ്യുമെന്നും പ്രതീക്ഷിക്കപ്പെടുന്നു.

ഒരു കേന്ദ്ര അതിർത്തിപ്പോലീസ്സുണ്ടായിരിക്കണമെന്ന പ്രശ്നവും കോൺഫറൻസു° പരിഗണിക്കും.

(പി. ടി. ഐ)

കേരാട്ടാ സമ്പ്രദായനാർ ദ്ദേശം അലസിപ്പോയി

യു. പി. എസ്. സി. പരീക്ഷകളിലെ പ്രാദേശിക ഭാഷാമാദ്ധ്യമനിർദ്ദേശവും തഥൈവ

[പി. ടി. ഐ.] ന്യൂഡെൽഹി മെ. 22

കേന്ദ്ര സർവ്വീസ്സുകളിലെ ഉദ്യോഗങ്ങൾക്കു° ഓരോ സംസ്ഥാനത്തിനും കേരാട്ടാ സമ്പ്രദായം ഏർപ്പെടുത്തുന്നതിനും പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷകൾ എല്ലാ പ്രാദേശിക ഭാഷകളിലും നടത്തുന്നതിനുമുണ്ടായ നിർദ്ദേശങ്ങളും തൽക്കാലം മാറിവെയ്ക്കുവാൻ സാദ്ധ്യതയുണ്ടെന്നു° ഇന്നലെ ഇടയ കേന്ദ്രകാബിനറിൻറെ ഔദ്യോഗിക ഭാഷാ സബ് കമ്മറിയോഗം നടപടികളം സൂചിപ്പിച്ചിരിക്കുന്നു.

കേന്ദ്ര ആഭ്യന്തരമന്ത്രി നന്ദയാണു° യോഗത്തിൽ അധ്യക്ഷത വഹിച്ചതു°. അഹിന്ദി പ്രദേശങ്ങളിലെ ജനങ്ങൾക്കു° നൽകിയിട്ടുള്ള ഉറപ്പുകൾക്കു° നിയമപ്രാബല്യംനൽകുന്നവിധത്തിലുള്ളതായിരിക്കും ഇനി കമ്മറി ശുപാർശ ചെയ്യുന്നതെന്നു°, ഔദ്യോഗിക ഭാഷാനിഗമത്തിൻറെ കരടു ഭേദഗതികളം യോഗം പരിഗണിച്ചുവെങ്കിലും തീരുമാനമൊന്നും എടുത്തില്ലെന്നു° റിപ്പോർട്ടുചെയ്യപ്പെടുന്നു.

മൂന്നു നിർദ്ദേശങ്ങളാണു° സബ്കമ്മറിയുടെ മുമ്പിലുള്ളതെന്നായിരുന്നു. ഒന്നു° മദിരാശി ഗവണ്മെണ്ടിൻറെയും രണ്ടു° കേന്ദ്രനിയമമന്ത്രി അശോക്സെന്നിൻറെയും മൂന്നു° കേന്ദ്ര റെയിൽവേമന്ത്രി എസ്. കെ. പട്ടീലിൻറെയും. ഇതിൽ പട്ടീലിൻറെ 'അന്തരാജനഭേദഗതി ഹിന്ദി ഉപയോഗിക്കാൻ തയ്യാറാകുന്നവരെ അഹിന്ദി സംസ്ഥാനങ്ങൾ കേന്ദ്രവുമായി ഇംഗ്ലീഷിൽത്തന്നെ മുടപാടുകൾ നടത്താൻ സൌകര്യപ്പെടുത്തുന്നതാണു°.

ഭേദഗതികൾക്കു° അവസാനരൂപം നൽകാൻ, നേഥ, ആസ്സു, കേരളം, മൈസൂർ, മഹാരാഷ്ട്ര, ഗോവ, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ജമ്മു കാശ്മീർ എന്നിവിടങ്ങളിൽ ജവഹർ ജ്യോതി ഇതിനകം എത്തിക്കഴിഞ്ഞ. ഇപ്പോൾ പഞ്ചാബിലാണു°.

കഴിഞ്ഞവർഷം നവമ്പർ 14_ാംനു, നെഹ്റുവിൻറെ ജന്മദിനത്തിലാണു° പ്രധാനമന്ത്രി മി. ശാസ്ത്രി ജവഹർജ്യോതി' ഉൽഘാടനം ചെയ്തതു°.

ഡോ: ലോഹ്യയും മധുലിമായെയും പൂർവ്വജർമ്മനിയിൽ

[പി. ടി. ഐ] ബെർലിൻ മേയ് 22

ഡോ: രാമമനോഹർ ലോഹ്യ, മധുലിമായെ എന്നീ എം. പി. മാർ പൂർവ്വജർമ്മനിയിലെത്തിച്ചേർന്നിരിക്കുന്നു ഇൻർപാർല്യമൻറിഗ്രൂപ്പിൻറെ ക്ഷണമനുസരിച്ചാണു° അവർഇവിടെ എത്തിയിട്ടുള്ളതു°.

മുപ്പതിനായിരം തൊഴിലാളികൾപങ്കാളിയെന്നു 'ലുനാകെമിക്കൽ വർക്സ്' അവർ സന്ദർശിച്ചു. ഈ സ്ഥാപനത്തിലെ തൊഴിലാളികളിൽ പതിനായിരം പേർ സ്ത്രീകളാണു°.

....

ഇന്ത്യക്കെതിരെ പരോക്ഷമായ പാക് ആക്രമണം

[റോയിട്ടർ] ന്യൂയോർക്, മേ. 22

114 രാഷ്ട്രങ്ങളുടെ നിരായുധീകരണ കമ്മീഷനിൽ ഇന്ത്യക്കെതിരായി പാക്കിസ്ഥാൻ പരോക്ഷമായി കടുത്ത ആക്രമണം നടത്തിയിരിക്കുന്നു.

ഇന്ത്യയുടെ പേരെടുത്തുപറയാതിരിക്കുന്നതിൽ പാക്കിസ്ഥാൻ അസംതൃപ്തി പ്രകടിപ്പിച്ചതിനാൽ പാക്കിസ്ഥാൻ പ്രതിനിധി ഡർ പ്രത്യേകം ശ്രദ്ധിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിൻറെ ആക്രമണലക്ഷ്യം ശ്രോതാക്കൾക്കു തികച്ചും വ്യക്തമായിരുന്നു.

ജവഹർ ജ്യോതി മടങ്ങിയെത്തുന്നു

(പി ടി ഐ) ന്യൂഡൽഹി, മേ. 22

25000 നാഴിക സഞ്ചരിച്ചുശേഷം മേയ് 26 ന്നു 'ജവഹർ ജ്യോതി' ഡൽഹിയിൽ തിരിച്ചെത്തും.

ഉത്തരപ്രദേശ്, ബീഹാർ, പ. ബംഗാൾ, ആസ്സാം, മണിപ്പൂർ, ത്രിപുര, നാഗാലാൻറ്, നേഫ, ആന്ധ്ര, കേരളം, മൈസൂർ, മഹാരാഷ്ട്ര, ഗോവ, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ജമ്മു കാശ്മീർ എന്നിവിടങ്ങളിൽ ജവഹർ ജ്യോതി ഇതിനകം എത്തിക്കഴിഞ്ഞ. ഇപ്പോൾ പഞ്ചാബിലാണു°.

കഴിഞ്ഞവർഷം നവമ്പർ 14_ാംനു, നെഹ്റുവിൻറെ ജന്മദിനത്തിലാണു° പ്രധാനമന്ത്രി മി. ശാസ്ത്രി ജവഹർജ്യോതി' ഉൽഘാടനം ചെയ്തതു°.

വിലവർദ്ധനയാണു° ഇന്നത്തെ വമ്പിച്ച പ്രശ്നം

കേന്ദ്രഡെപ്യൂട്ടി മന്ത്രി ഭഗവതിയുടെ പ്രസ്താവന

(പി ടി ഐ) മംഗലാപുരം, മേയ് 22

അത്യാവശ്യസാധനങ്ങളിന്മേലുള്ള കനത്ത വിലവർദ്ധനയാണു°, രാജ്യത്തെ അഭിമുഖീകരിക്കുന്ന വമ്പിച്ച പ്രശ്നമെന്നു° കേന്ദ്രകമ്പനികാര്യ ഡെപ്യൂട്ടിമന്ത്രി മി. ഭഗവതി പ്രസ്താവിച്ചിരിക്കുന്നു.

വില നിയന്ത്രിക്കുന്നതിന്നുള്ള എല്ലാ നടപടികളും ഗവണ്മെണ്ടു° എടുത്തുവരുന്നുണ്ടു° എന്നാൽ, നമ്മുടെ രാജ്യത്തു° വേണ്ടത്ര ഭക്ഷ്യസാധനങ്ങളുടെ ഉല്പാദനത്തെ ആശ്രയിച്ചാണു° ഈ വിലയുടെ നിലയെന്നും അദ്ദേഹം പറഞ്ഞു. അഖിലേന്ത്യാ ടെലഗ്രാഫ് ട്രാഫിക് എപ്ലോയീസ് യൂണിയൻ ക്ലാസ്സിയുടെ ഒരു ത്രിദിന സമ്മേളനം ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നാം പുറത്തുനിന്നും ഭക്ഷ്യം ഇറക്കുമതിചെയ്തുകൊണ്ടിരിക്കുകയാണു°. ഇതു° സമ്പത്തുവ്യവസ്ഥയിൽ പ്രയാസങ്ങളം സൃഷ്ടിക്കുന്നതിന്നിടയാക്കുന്നു. അതുകൊണ്ടു°, നമ്മുടെ മുഴുവൻ ആവശ്യങ്ങളും നിറവേറുന്നതിന്നായി കൂടുതൽ ഭക്ഷ്യസാധനങ്ങളം ഉല്പാദിപ്പിച്ചുകൊണ്ടു° നമ്മുടെസമ്പത്തുവ്യവസ്ഥ വളർത്തിയെടുക്കുകയാണു° മുഖ്

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125

1965 മേയ് 23-ാംതീയതി ഞായർ

ടാക്സി ദേശസാൽക്കരണം

ദേശസാൽക്കരണ ഭ്രമം മൂത്ത് ടാക്സിസർവീസും ദേശസാൽക്കരിക്കേണ്ടതാണെന്ന ഒരു ചിന്ത ഉന്നതന്മാരുടെ ശിരസിനെ ബാധിച്ചിരിക്കുന്നതായി കേൾക്കുന്നു. പുതുതായി രൂപീകരിക്കപ്പെട്ട റോഡ് ട്രാൻസ്പോർട്ട കോർപ്പറേഷൻ അധികൃതർ ഇയ്യിടെയായി വളരെ ഗൗരവതരമായി പരിഗണിച്ചുവരുന്ന ഒരു വിഷയമാണിതെന്നറിയുന്നു. കേരളത്തിലെ പ്രധാന പട്ടണങ്ങളിൽ ഈ പദ്ധതി എങ്ങനെ നടപ്പാക്കുമെന്നാണവർ ആലോചിക്കുന്നതു്. ഒരുപക്ഷേ, ഏതാനും ദിവസത്തിനകം വിശദ്ധമാക്കുന്നതിനുള്ളതുകൊണ്ടാണോ? ഞങ്ങളിതിനെപ്പറ്റി പറയുന്നതു്. തൃശ്ശൂർ-ഗുരുവായൂർ ലൈനിൽ കറേനാൾ ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെൻറ് വക ബസ്സ് ഓടിയിരുന്നതാണു്. കേരളത്തിലെ തെരക്കപിടിച്ച ഒരു ബസ്സ്റൂട്ടാണതു്. ഇടയ്ക്കുവെച്ച് അതുനിർത്തേണ്ടിവന്നു. അതു പുനരാരംഭിക്കാൻപോലും നമ്മുടെ പുതിയ കോർപറേഷനു കഴിയുന്നില്ല. ഈ സംസ്ഥാനത്തിൽ വളരെയധികം സ്ഥലങ്ങളിൽ കോർപ്പറേഷൻ വക ബസ്സുവേണമെന്നു് ജനങ്ങളാവശ്യപ്പെടുന്നുണ്ടു്. ലാഭകരമായി വണ്ടി ഓടിക്കാവുന്ന അത്തരം റൂട്ടുകളിൻ, ആവശ്യത്തിനുള്ള വണ്ടി ഓടിക്കാൻ കഴിയാത്തവർ ടാക്സിയും കൂടി ഏറെറടുത്താൽ രണ്ടും കഴപ്പത്തിലാകാനാണു സാദ്ധ്യത. അതിനും പുറമേ, ഇന്നു് ടാക്സിയെ ആശ്രയിച്ചു ജീവിക്കുന്ന വളരെയധികം കുടുംബങ്ങളെ അതു കഴപ്പത്തിലാക്കുകയും ചെയ്യും. ഇന്നു്, ഓരോ കാറിനേയും ആശ്രയിച്ചു് രണ്ടുമൂന്നു കുടുംബങ്ങളാണു ജീവിച്ചുവരുന്നതു്— കാറിന്റെ ഉടമസ്ഥനും, ഡ്രൈവറും, ക്ലീനറും - പലപ്പോഴും ഉടമസ്ഥൻ തന്നെയായിരിക്കും ഡ്രൈവർ

മൊത്തവും ടാക്സികളെപ്പറ്റി കിട്ടിക്കൊണ്ടിരിക്കുന്ന നിരന്തരമായ പരാതികളവസാനിപ്പിക്കുന്നതിനു് ഒരു ഉപാധിയെന്ന നിലയ്ക്കാണു് ഇതു് ഉന്നയിക്കുന്നവർ പറയുന്നതു്. തുടർന്നു് ഇതുവായൂർ ലൈനിൽ കറേനാൾ ട്രാൻസ്പോർട്ട ഡിപ്പാർട്ടുമെൻറ് വക ബസ്സ് ഓടിയിരുന്നതാണു്. കേരളത്തിലെ തെരക്കപിടിച്ച ഒരു ബസ്സ്റൂട്ടാണതു്. ഇടയ്ക്കുവെച്ച് അതുനിർത്തേണ്ടിവന്നു. അതു പുനരാരംഭിക്കാൻപോലും നമ്മുടെ പുതിയ കോർപറേഷനു കഴിയുന്നില്ല. ഈ സംസ്ഥാനത്തിൽ വളരെയധികം സ്ഥലങ്ങളിൽ കോർപ്പറേഷൻ വക ബസ്സുവേണമെന്നു് ജനങ്ങളാവശ്യപ്പെടുന്നുണ്ടു്. ലാഭകരമായി വണ്ടി ഓടിക്കാവുന്ന അത്തരം റൂട്ടുകളിൻ, ആവശ്യത്തിനുള്ള വണ്ടി ഓടിക്കാൻ കഴിയാത്തവർ ടാക്സിയും കൂടി ഏറെറടുത്താൽ രണ്ടും കഴപ്പത്തിലാകാനാണു സാദ്ധ്യത. അതിനും പുറമേ, ഇന്നു് ടാക്സിയെ ആശ്രയിച്ചു ജീവിക്കുന്ന വളരെയധികം കുടുംബങ്ങളെ അതു കഴപ്പത്തിലാക്കുകയും ചെയ്യും. ഇന്നു്, ഓരോ കാറിനേയും ആശ്രയിച്ചു് രണ്ടുമൂന്നു കുടുംബങ്ങളാണു ജീവിച്ചുവരുന്നതു്— കാറിന്റെ ഉടമസ്ഥനും, ഡ്രൈവറും, ക്ലീനറും - പലപ്പോഴും ഉടമസ്ഥൻ തന്നെയായിരിക്കും ഡ്രൈവർ

മൊത്തവരെ

ಪ್ರಜಾಮಿತ್ರ

ಸಂಜೆ ದಿನಪತ್ರಿಕೆ — XIV

ಕೆಂಪುಕೋಟೆಯಲ್ಲಿ ಧ್ವಜಾರೋಹಣ ಮಾಡಿದ ಪ್ರಧಾನಿ ನೆಹರೂ

ಸ್ವಾತಂತ್ರ್ಯ ಹೋರಾಟದ ಸ್ಮರಣೆ; ಸಮಾಜವಾದಿ ಸಮಾಜ ನಿರ್ಮಾಣಕ್ಕೆ ಕರೆ

ಇಂದು ಬೆಳಿಗ್ಗೆ ೭ ಗಂಟೆಗೆ ರಾಜಘಾಟ್‌ನಲ್ಲಿ ಮಹಾತ್ಮಾ ಗಾಂಧಿಯವರ ಸಮಾಧಿಗೆ ಪುಷ್ಪಾರ್ಚನೆ ಮಾಡಿದ ಪ್ರಧಾನಿ ಜವಾಹರಲಾಲ್ ನೆಹರೂ ಅವರು ಅಲ್ಲಿಂದ ಕಾರಿನಲ್ಲಿ ಕೆಂಪುಕೋಟೆಗೆ ಬಂದರು. ಅಲ್ಲಿ ಅವರಿಗೆ ಗೌರವ ರಕ್ಷೆ ಸಲ್ಲಿಸಲಾಯಿತು. ಬಳಿಕ ಅವರು ಧ್ವಜಾರೋಹಣ ಮಾಡಿದರು. ಆಗ ೨೧ ಕುಶಾಲ ತೋಪುಗಳನ್ನು ಸಿಡಿಸಲಾಯಿತು. ಪ್ರಧಾನಿಯವರು ಧ್ವಜಾರೋಹಣ ಮಾಡಿದ ಬಳಿಕ ಭಾರತೀಯ ವಾಯುಪಡೆಯ ವಿಮಾನಗಳು ಕೆಂಪುಕೋಟೆಯ ಮೇಲೆ ಹಾರಾಡಿ ಪುಷ್ಪವೃಷ್ಟಿ ಗೈದವು.

ಧ್ವಜಾರೋಹಣ ಮಾಡಿದ ಬಳಿಕ ಪ್ರಧಾನಿಯವರು ಸ್ವಾತಂತ್ರ್ಯ ಹೋರಾಟದ ಸ್ಮರಣೆ ಮಾಡಿದರು. ಸ್ವಾತಂತ್ರ್ಯ ಹೋರಾಟದ ಸಂದರ್ಭದಲ್ಲಿ ಕಾಂಗ್ರೆಸ್ ಪಕ್ಷ ಮತ್ತು ಅದರ ನಾಯಕರು ಮಾಡಿದ ಸಾಧನೆಗಳನ್ನು ಅವರು ಸ್ಮರಿಸ

WANTED a fully qualified Part time Drawing master and a full time Drillmaster within prescribed age limits for appointment in the A. U. P. S. Meloor; The posts are permanent. Retired qualified hands below 59 years may also apply. Apply within 10 days by Registered post to the Manager with copies to the A. E. O. Chalakudy.

WANTED fully qualified teacher within Prescribed age limit for appointment in the School under the management of the B. V. M. High school, Kalparamb, Aripalam P. O; as Higher grade Hindi teacher, (Rs. 80-165) Retired qualified teachers below 59 years of age may also apply. Apply within 10 days by registered post to the manager with copies to the District Educational Officer, Irinjalakuda.

WANTED two qualified hands within the Prescribed age limits for appointments under the management of St. Antony's L. P. S. Kavallur, P. O Kallur as one L. P. S. A. in permanent vaccancy and the other for on L. vacancy for three months with effect from the reopening of June 1965. Retired qualified hands below 59 years may also apply within ten days by registered post to the manager with a copy to the A. E. O. Cherpu.

WANTED a fully qualified L. P. Teachers within the prescribed age limits for appointment under the management of D. S. S. Pazhunnana, P. O. Chemmanthatta in a permanent vacancy Retired qualified teachers below 59 years may also apply. Apply within 10 days by registered post to the manager with copy to the A. E. O. Kunnamkulam.

WANTED a fully qualified hand within prescribed age limits for appointment in the school under the management of St. Mary's G. H. S. Kuzhikkattusari as Malayalam teacher in the grade 80-165 in a permanent vacancy. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the Manager with a copy to the D. E. O. Irinjalakuda.

റഷ്യ പരാജയപ്പെട്ടു

[ടായിട്ടർ] ഐക്യരാഷ്ട്രങ്ങൾ, മെ. 21 ഡൊമിനിക്കൻ റിപ്പബ്ലിക്കിൽ അമേരിക്ക നടത്തിയ സായുധ ഇടപെടലിനെ അപലപിക്കാനുള്ള ഒരു റഷ്യൻശ്രമം രക്ഷാസമിതി ഇന്നു് തിരസ്കരിച്ചിരിക്കുന്നു.

WANTED 5 fully qualified hand within the prescribed age limits for appointment in S. N. D. P. L. P. S. Valiyapadam as L. P. assts in permanent vacancies. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the manager with copy to the A. E. O. Chalakudy.

Manager.

WANTED fully qualified hands within prescribed age limits for appointment in the staff-managed H. S. Iravikkulam, Kakkulissery P. O. as Hs As in Physical Science Chemistry main 1. Social Studies 1, Mal trs 2, All in the grade of Rs. 80-165. P. T. Hindi tr in the grade of Rs. 60-100. Vacancies are temporary likely to be permanent. Retired qualified teachers below 59 years may also apply. Apply within 10 days by regisered post to the manager, with a copy to the D. E. O Irinjalakuda.

WANTED fully qualified hands within prescribed age limits for appointments in school under the management Bl. L F Convent H. S. Irinjalakuda as Mathematics 3 Phy. Science 2. Nat. Science 2. Social Studies 1. Malayalam Pandits 2. Hindi Pandits 2. in 80-165 grade. All the vacancies are temporary except Malayalam 1 which is a leave vacancy for 1 year Retired qualified teachers below 59 years may also apply Apply within 10 days by registered post to the Manager with copy to the D. E. O. Irinjalakuda.

WANTED 4 S. S. L. C trained hands (Three permanent vacancies and 1 short leave vacancy) within prescribed age limits for appointment in A. L. P. S. Alathur Retired qualified teachers below 59 years of age may also apply Apply within 10 days by registered post to the Manager with copy to the A. E. O Irinjalakuda.

കാമരാജ് ഭാഷാപ്രശ്നത്തിൽ വല്ലാത്ത ഏടാകൂടങ്ങളുണ്ടാക്കുന്നു

വിദ്യാർത്ഥി യൂണി: നേതാവിൻെറ പ്രസ്താവന

ഇന്നത്തെ ഭരണകക്ഷിയെ അടിയറപറയിക്കാതെ പ്രശ്നം പരിഹരിക്കപ്പെടില്ലന്നു്

മദ്രാസ് മെ. 22

കോൺഗ്രസ് പ്രസിഡൻറ് കാമരാജ് ഭാഷാപ്രശ്നത്തിൽ ആവശ്യമില്ലാത്ത കുഴപ്പങ്ങളാണ് സൃഷ്ടിക്കുന്നതെന്നും ഇന്നത്തെ ഭരണകക്ഷി അധികാരത്തിലിരിക്കുന്നിടത്തോളംകാലം ഈ പ്രശ്നം സുഗമമായി പരിഹരിക്കപ്പെടുമെന്നു താൻ വിശ്വസിക്കുന്നില്ലെന്നും തമിഴ്നാട് ഹിന്ദിവിരുദ്ധ വിദ്യാർത്ഥി യൂണിയൻെറ പ്രസിഡണ്ടായ രവിചന്ദ്രൻ പ്രസ്താവിച്ചിരിക്കുന്നു.

തമിഴ്നാട്ടിൽനിന്നും ഡൽഹിയിലെത്തി ചർച്ചകൾ നടത്തിയ തങ്ങൾക്ക് ഭാഷാപ്രശ്നം സംബന്ധിച്ച തൃപ്തികരമായ എന്തെങ്കിലും മറുപടി നല്കാൻ പ്രധാനമന്ത്രി ശാസ്ത്രിക്കോ മററു നേതാക്കന്മാർക്കോ കഴിഞ്ഞില്ലെന്നും അദ്ദേഹം പറഞ്ഞു.

തമിഴ്നാട് ഹിന്ദിവിരുദ്ധ വിദ്യാർത്ഥി യൂണിയൻെറ പ്രസിഡണ്ടായ ശ്രീ. രവിചന്ദ്രൻ കേന്ദ്രനേതാക്കളുമായുള്ള തൻെറ ഡൽഹി ചർച്ചകളെപ്പററി യു. പി. എസ്സിനോടു സംസാരിക്കുകയായിരുന്നു. പ്രധാനമന്ത്രിയുടെ പ്രതികരണം ഒട്ടും ആശാജനകമല്ലായിരുന്നു എന്നദ്ദേഹം പറഞ്ഞു. ഇംഗ്ലീഷുമാത്രം ഔദ്യോഗിക ഭാഷയായിരിക്കണമെന്നാണ് വിദ്യാർത്ഥികളുടെ പക്ഷം. എന്നാൽ ദ്വിഭാഷാ നയവും ത്രിഭാഷാ നയവുമൊക്കെയാണ് കേന്ദ്രനേതാക്കൾ ഉരുവിടുന്നതു്. ഭക്തവത്സലവും കാമരാജും ത്രിഭാഷാനയം അടിച്ചേൽപ്പിക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കയാണ്. ഈ വാദം അപ്രായോഗികവും ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ കരുതിക്കൂട്ടിയുള്ളതുമാണെന്നദ്ദേഹം പറഞ്ഞു.

ഭരണഘടന ഭേദഗതി ചെയ്യുന്നാവശ്യമായ മൂന്നിലൊന്നു ഭൂരിപക്ഷം കിട്ടാൻ പ്രയാസമാണെന്നും അസാദ്ധ്യമായ ഒരു കാര്യത്തിനുവേണ്ടി വാദിക്കുന്നതു ബുദ്ധിയല്ലെന്നും ഭക്തവത്സലവും സുബ്രഹ്മണ്യവും വിദ്യാർത്ഥിനേതാക്കളെ ഉപദേശിച്ചുവത്രെ.

ദ്വിഭാഷാനയം തികച്ചും അപകടകരമാണെന്നു് ശ്രീ രവിചന്ദ്രൻ അഭിപ്രായപ്പെട്ടു. ഹിന്ദിയും ഇംഗ്ലീഷും ഒരുപോലെ തുടർന്നാൽ ഉത്തരേന്ത്യർ ഹിന്ദിയെ മാത്രം ആശ്രയിക്കുകയും ദക്ഷിണേന്ത്യർ ഇംഗ്ലീഷ് മാത്രം തുടരുകയും ചെയ്യുന്നതിനിടവരും. അതു കാലാന്തരത്തിൽ ഇൻഡ്യയെ ഹിന്ദിപ്രദേശവും അഹിന്ദിപ്രദേശവുമായി വേർതിരിക്കാനിടവരുത്തും. 14 ഭാഷകൾ ഔദ്യോഗികമാക്കണമെന്ന നിർദ്ദേശത്തെയും വിദ്യാർത്ഥി നേതാക്കൾ അനുകൂലിക്കുന്നില്ല.

വടക്കേ ഇന്ത്യയിലെ വിദ്യാർത്ഥിപ്രതിനിധികൾ തെക്കേ ഇന്ത്യയിലെ വിദ്യാർത്ഥികളുടെ ഭാഷാ സ്വാതന്ത്ര്യത്തിനു് സഹായം വാഗ്ദാനം ചെയ്തുവത്രെ. ത[illegible] കേരളം, തമിഴ്നാട്, ആന്ധ്രാ, മൈസൂർ, പശ്ചിമബംഗാൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ ഒരു സംയുക്തകൺവൻഷൻ കൂട്ടുന്നതും എഡ്യൂക്കേഷൻ കമ്മീഷൻെറ ചോദ്യാവലി ചർച്ചചെയ്തു പൂരിപ്പിക്കുന്നതും ഭാവിപരിപാടികൾ ആവിഷ്ക്കരിക്കുന്നതുമാണ്.

....

കേന്ദ്ര കമ്മ്യൂണിക്കേഷൻ വകുപ്പിനുമാത്രം 253 ഉപദേശക കമ്മററികൾ

സർക്കാരിൻെറ ചിലവുചുരുക്കൽപദ്ധതി മുന്നോട്ട്

ന്യൂഡൽഹി, മേയ് 21

ഉപദേശകകമ്മററികളുടെ ബാഹുല്യംമൂലം വീർപ്പുമുട്ടുന്ന കേന്ദ്രവകുപ്പുകൾ ഇപ്പോൾ കേന്ദ്രത്തിന്നൊരു തലവേദനയായിരിക്കുന്നുവെന്നാണറിയുന്നതു്.

കേന്ദ്രവകുപ്പുകൾ ഓരോന്നായി എടുത്തു പരിശോധിച്ചാൽ അത്ഭുതപ്പെട്ടുപോകും. 253 ഉപദേശക കമ്മററികളുള്ള ഒരൊററ കേന്ദ്രവകുപ്പുതന്നെയുണ്ട്. ഈ കമ്മററികൾക്കു കീഴെ എണ്ണമില്ലാത്തത്ര അഡ്ഹോക്ക് കമ്മററികൾവേറെയുമുണ്ട്. വിവിധ കേന്ദ്രവകുപ്പുകളിലായി ആകെ 833 വകുപ്പുകളുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളതു്. മുമ്പ് കമ്മററികളുടെ എണ്ണം 1077 ആയിരുന്നു.

ഈ കമ്മററികൾക്കെതിരെ ആദ്യം കുരിശുയുദ്ധം പ്രഖ്യാപിച്ചതു് വിദ്യാഭ്യാസവകുപ്പിൻെറ ചുമതല വഹിക്കുന്ന ശ്രീ. എം. സി. ഛഗ്ലയാണ്. ഈ കമ്മററികളിലധികവും അനാവശ്യമാണെന്നു മാത്രമല്ല, അതു ഭരണയന്ത്രത്തിൽ ചുവപ്പുനാടകൾ അഴിച്ചുവിടുകകൂടി ചെയ്യുന്നുവെന്നു് ഛഗ്ല പരസ്യമായിത്തന്നെ പ്രസ്താവിക്കുകയുണ്ടായി. ഒരൊററദിവസംകൊണ്ടു് തൻെറ വകുപ്പിലുള്ള 47 കമ്മററികൾ അദ്ദേഹം പിരിച്ചുവിടുകയുംചെയ്തു.

ഛഗ്ലയുടെ ഈ മാതൃക സ്വീകരിക്കാൻ മററു പല മന്ത്രിമാരും നിർബ്ബന്ധിതരായിത്തീരുകയും ചെയ്തു. ശ്രീമതി ഇന്ദിരാഗാന്ധി തൻെറ വകുപ്പിനെ ഉപദേശിക്കുന്നതിനുള്ള 48 കമ്മററികൾ പിരിച്ചുവിട്ടു എന്നിട്ടും ഇപ്പോൾ കേന്ദ്രവാർത്താവിതരണ പ്രക്ഷേപണവകുപ്പിൽ 24 കമ്മററികളുണ്ട്.

ഇപ്പോൾ കമ്മററിയുടെ കാര്യത്തിൽ ഏററവും മുൻപന്തിയിൽ നിൽക്കുന്നതു് കേന്ദ്രകമ്യൂണിക്കേഷൻസ് വകുപ്പാണ്. പ്രസ്തുത വകുപ്പിൽ 253 കമ്മററികളുണ്ട്. രണ്ടാംസ്ഥാനം 103 കമ്മററികളുള്ള വിദ്യാഭ്യാസവകുപ്പിന്നും. കഴിഞ്ഞവർഷമാകട്ടെ ഈ രണ്ടു് വകുപ്പിലും യഥാക്രമം 274 ഉം 150 ഉം വകുപ്പുകൾവീതമുണ്ടായിരുന്നു.

തെക്കൻചിറവർ കൊച്ചിൻ കോർപ്പറേഷനിൽ ഉൾപ്പെടുത്തണം

സ്വ. ലേ. എറണാകുളം, മെ. 22

എറണാകുളം നഗരത്തോടു തൊട്ടുകിടക്കുന്നതും ഏതാണ്ടു 2000 കുടുംബമുള്ളതുമായ തെക്കൻ ചിറവർ പ്രദേശം നിർദ്ദിഷ്ടകൊച്ചിൻ കോർപ്പറേഷനിൽ ഉൾപ്പെടുത്തുന്നതിൽ തദ്ദേശവാസികളുടെ ഒരു പൌരയോഗം റവ: ഫാ. പനയ്ക്കലിൻെറ അദ്ധ്യക്ഷതയിൽചേർന്നു. ഉൽക്കണ്ഠ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുതപ്രദേശംകൂടി കോർപ്പറേഷനിൽ ഉൾപ്പെടുത്തണമെന്നു് യോഗം ആവശ്യപ്പെടുകയും ഇതിനുവേണ്ടി ഒരു ആക്ഷൻ കമ്മററിയെ തിരഞ്ഞെടുക്കുകയുംചെയ്തു.

കുട്ടനാട്ടിലെ ബോട്ടുഗതാഗതം സ്തംഭനത്തിൽ

ചമ്പക്കുളം, മേ 21

കുട്ടനാട്ടിലെ നല്ലൊരു ശതമാനം ജനതയുടെ യാത്രാസൗകര്യം സ്തംഭനാവസ്ഥയിൽ എത്തിയിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു.

കേരള വാട്ടർ ട്രാൻസ്പ്പോർട്ടുവക മിക്ക ബോട്ടുകളും ഓടാത്തതാണിതിനു് കാരണമായിട്ടുള്ളതു്.

കുട്ടനാട്ടുകാരുടെ മററൊരു യാത്രാസൗകര്യമായ റോഡുഗതാഗതത്തോടു് ബന്ധിപ്പിക്കുന്ന ബോട്ടുലൈനുകളും ഇങ്ങനെ മുടങ്ങുന്നതു് വല്ലാത്ത കഷ്ടമാണ്.

ഉദ്യോഗസ്ഥന്മാർ, വിദ്യാർത്ഥികൾ, പത്രപാരായണക്കാർ തുടങ്ങിയവർ ഇതുമൂലം വളരെ ക്ലേശിക്കുന്ന ഒരവസ്ഥയാണ് സംജാതമായിരിക്കുന്നതു്.

കേരളാ വാട്ടർ ട്രാൻസ്പ്പോർട്ടു് വക ബോട്ടുകൾ ഒരു തീരാശാപമാണെന്നു് കുട്ടനാട്ടുകാർ പറയാൻ തുടങ്ങിയിരിക്കുന്നു. [സ്വ ലേ]

....

മാർക്കററ്

മെയ് 22

തൃശ്ശൂർ

വെളിച്ചെണ്ണ (ക്വിൻറലിനു്)		375_00
പിണ്ണാക്കു്	,,	65_00
കുരുമുളകു്	,,	370_00
കശുവണ്ടി	,,	72_50
കൊപ്ര	,,	255_00

ആലപ്പുഴ

വെളിച്ചെണ്ണ ക്വിൻറൽ(ക്ലീൻ)		377_00
അൺക്ലീൻ		375_00
,, ഒന്നാംഅവുധി	,,	336_75
,, രണ്ടാംഅവുധി	,,	334_00
കൊപ്ര പകരാശി		258_00
,, തെളിവ്	,,	263_00
പിണ്ണാക്കു്	,,	60_00
കുരുമുളകു് പാലാ		387_50
,, തെക്കൻ	,,	384_00
,, ഒന്നാം അവുധി	,,	424_00
,, രണ്ടാം അവുധി		320_00
ചുക്കു്		325_00
മഞ്ഞൾ		220_00
കൊട്ട പാക്കു്		400_00
കയർ അത്തുംതെങ്ങു്		120_00
,, ആലപ്പാടൻ		115_00
,, ആറാട്ടുപുഴ		110_00
,, അഞ്ചുതെങ്ങ്		95_00
,, മങ്ങാടൻ		115_00

മരണം എത്തു് നിമിഷത്തിലും

കല്ലട-വീട്ടിൽ ലാളിച്ചു വളർത്തിയ ഒരു പൂച്ചമൂലം 14 വയസ്സുള്ള ഒരു പെൺകുട്ടി മരണമടഞ്ഞ ഒരു ദാരുണ സംഭവം ഇവിടെ ഉണ്ടായിരിക്കുന്നു. പടിഞ്ഞാറെ കല്ലടയിൽ വല്യപാലത്തു് ചെല്ലപ്പൻ എന്നയാളുടെ വീട്ടിൽ വളർത്തിയിരുന്ന പൂച്ച കഴിഞ്ഞ ദിവസം രാത്രി എവിടെനിന്നോ ഒരു മൂർഖൻപാമ്പിനെ കടിച്ചെടുത്തു് വീട്ടിൻെറ തട്ടിൻപുറത്തു് കൊണ്ടുവന്നു. അവിടെ നിന്നും പാമ്പിൻെറ തലയുൾപ്പെടെയുള്ള ഏതാണ്ടു് ഒന്നരഅടി ഭാഗം കടിച്ചു് മുറിച്ചു് പൂച്ച തട്ടിൻെറ വിടവിൽക്കൂടി താഴേക്കിട്ടു.

നിർഭാഗ്യമെന്നു പറയട്ടെ താഴെ മുറിയിൽ കിടന്നുറങ്ങിയിരുന്ന ചെല്ലപ്പൻെറ 14 വയസ് പ്രായമുള്ള മകൾ രാജമ്മയുടെ നെഞ്ചത്താണ് പാമ്പു് വന്നു് വീണതു്. മരണവേദനയോടെ പാമ്പു് രാജമ്മയുടെ കവിളിൽ കടിച്ചുതൂങ്ങി. ഞെട്ടി ഉണർന്ന രാജമ്മ പാമ്പിനെ വലിച്ചെറിഞ്ഞെങ്കിലും പ്രഥമ ശുശ്രൂഷപോലും ലഭിക്കുന്നതിനുമുമ്പ് ഹതഭാഗ്യയായ ആ പെൺകുട്ടി മൃതിയടഞ്ഞു. ഏതാനും സമയങ്ങൾക്കുള്ളിൽ പാമ്പും പൂച്ചയും ചത്തു.

അന്നമ്മാ ജോൺ അന്നമ്മാ ജോർജ്ജായപ്പോൾ

ആലപ്പുഴ, മേ. 21

വർഷങ്ങളായി സേവനമനുഷ്ഠിച്ചുവന്ന ഒരു അദ്ധ്യാപികയെ അധികൃതർ അദ്ധ്യാപികയല്ലെന്നു വരുത്തിത്തീർത്ത ഒരു സംഭവം ഇവിടെ ഉണ്ടായിരിക്കുന്നു.

ഇവിടെയുള്ള ഒരു ഹൈസ്കൂളിലെ അന്നമ്മാ ജോർജ്ജ് എന്നൊരു അദ്ധ്യാപികക്കാണ് ഈ ദുർഗ്ഗതി സംഭവിച്ചതു്. അന്നാമ്മ ജോൺ ആയിരുന്ന ഈ അദ്ധ്യാപിക വിവാഹിതയായി അന്നാമ്മ ജോർജ്ജായിത്തീർന്നു. ഈ പേരിൽ അവർക്കു കൊല്ലങ്ങളായി ശമ്പളം കിട്ടിവരികയുമായിരുന്നു. പക്ഷേ ഈ കഴിഞ്ഞമാസത്തെ ശമ്പളബില്ല് ഇവിടത്തെ ഡി. ഇ. ഒ. ആപ്പീസ്സിൽ നിന്നു തിരിച്ചയച്ചിരിക്കുകയാണ്. ഈ പേരിൽ ഒരദ്ധ്യാപികയില്ലെന്നാണ് കഴിഞ്ഞമാസത്തിൽ ഇവരുടെ വ്യാഖ്യാനം. വേണ്ടതുപോലെ കണ്ടില്ലെങ്കിൽ ഉള്ളവരെ ഇല്ലാതാക്കാനും കഴിയുമെന്ന ഓഫീസ്സിക്കൽ ഈ "തിരിച്ചയക്കലിൽ" ഉണ്ടെന്നു പറഞ്ഞുകേൾക്കുന്നു.

പാലക്കാട്ട് വാർത്തകൾ

റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് മെറിററ് സ്കോളർഷിപ്പ്

[ക. ലേ] എറണാകുളം, മേ. 22

റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് 1965 '66 കാലത്തേയ്ക്കു് ഇൻഡ്യ ഗവമ്മെണ്ടിൻെറ മെറിറ്റ് സ്കോളർഷിപ്പിനു അപേക്ഷിക്കാനുള്ള ഏതാനും അപേക്ഷാഫാറങ്ങൾ എത്തിയിട്ടുണ്ടെന്നു് പാലക്കാട്ട് ഡി. ഇ. ഒ. അറിയിക്കുന്നു. 9നും 12നും ഇടയ്ക്കു് പ്രായമായ, പഠനത്തിൽ മികച്ചുനില്ക്കുന്നവർ മാത്രമേ അപേക്ഷിക്കേണ്ടതുള്ളൂ. രക്ഷിതാക്കളിൽനിന്നും അപേക്ഷകൾ വിദ്യാഭ്യാസ ഡയറക്ടർക്കു് (തിരുവനന്തപുരം) മേയ് 31-ാംനു-ക്കകം ലഭിച്ചിരിക്കണം.

ഡെപ്യൂട്ടി താസിൽദാർ

ആലത്തൂർ അസിസ്റ്റൻറ് താലൂക്ക് സപ്ലൈ ഓഫീസറായിരുന്ന യു. സൈദ് യാക്കൂബിനെ പാലക്കാട്ട് ഹെഡ് കോർട്ടേഴ്സ് ഡെപ്യൂട്ടി താസിൽദാരായും കെ. വി. രാമകൃഷ്ണപ്പൊതുവാളെ ഒററപ്പാലം ഡെ: താസിൽദാരായും, അവിടെനിന്നു് കെ. ട്. രാഘവൻനായരെ പാലക്കാട്ട് സ്പെഷ്യൽ (പ്രൊക്യൂർമെൻറ്) ഡെ: താസിൽദാരായും നിയമിച്ചിരിക്കുന്നു.

ജാമ്യത്തുക കണ്ടുകെട്ടി

റിട്ടേണുകൾ അയയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനു് ശ്രീ. പി. ടി. മുരുകപ്പൻ (ഷൊർണ്ണൂർ) എം. നാരായണൻനായർ (എടപ്പാൾ) എന്നിവർ ഫുഡ്ഗ്രെൻ ഡീലേഴ്സ് ലൈസൻസിന്നടച്ച ജാമ്യസംഖ്യ പാലക്കാട്ട് ജില്ലാകലക്ടർ കണ്ടുകെട്ടിയിരിക്കുന്നു.

മില്ലുടമയ്ക്കെതിരെ നടപടി

ആവശ്യപ്പെട്ട വിശദീകരണങ്ങൾ നൽകാതിരിക്കുകയും, റിട്ടേൺ അയക്കുന്നതിൽ വീഴ്ചവരുത്തുകയും ചെയ്യുന്നതിനു് പാകളം റൈസ്മിൽ (കുനിശ്ശേരി) ഉടമസ്ഥൻ ശ്രീ വി പി. എൻ. പരമേശ്വരയ്യർ റൈസ്മിൽ ലൈസൻസിന്നടച്ച ജാമ്യത്തുക കണ്ടുകെട്ടുകയും ലൈസൻസ്, 1966 മാർച്ചുവരെ തടഞ്ഞുവെയ്ക്കുകയും ചെയ്തിരിക്കുന്നു.

ഹോംഗാർഡ്സ് പരിശീലനക്യാമ്പ്

പാലക്കാട്ടെ ഹോംഗാർഡ്സ് വളണ്ടിയർമാരുടെ മൂന്നാം വാർഷികപരിശീലനക്യാമ്പ്, ഗവണ്മെൻറ് വിക്ടോറിയാ കോളേജിൽവെച്ച് ഇന്നുരാവിലെ പാലക്കാട്ട് ഡി. എസ് പി. യുടെ ചാർജ്ജു വഹിക്കുന്ന ശ്രീ ബി. എ. ഹുസൈൻ ഉൽഘാടനംചെയ്തിരിക്കുന്നു. ഈ ക്യാമ്പ് മേയ് 30-ാംനു-വരെ നീണ്ടുനില്ക്കുന്നതാണ്.

എഫ്. എ. ഓ. വിദഗ്ധൻ പാലക്കാട്ട്

ഫുഡ് ആൻഡ് എഗ്രിക്കൾച്ചർ ഓർഗനൈസേഷൻ വിദഗ്ദ്ധൻ ഡോക്ടർ ആർ. ഒ. വൈററ്, ജില്ലയിലെ കന്നുകാലിത്തീററവളർത്താൻ സൌകര്യമുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കുന്നതിന്നായി പാലക്കാട്ട് സന്ദർശിച്ചിരിക്കുന്നു. അദ്ദേഹം കഞ്ചിക്കോട്ട്, അടപ്പ [മലമ്പുഴ] കൊട്ടവായൂർ, പെരുവെമ്പ് എന്നീ സ്ഥലങ്ങൾ പാലക്കാട്ട് ഡയറി എക്സ്റ്റൻഷൻ ഓഫീസറൊന്നിച്ച പരിശോധിച്ചു.

തൃശ്ശൂർവാർത്തകൾ

സ്വ ലേ. തൃശ്ശൂർ, മെ. 22

ഭക്ഷ്യോപദേശക സമിതിയിലേക്ക് നോമിനേററുചെയ്തു

തൃശ്ശൂർ ജില്ലാ ഭക്ഷ്യോപദേശക സമിതിയിലേക്ക് ശ്രീ. വി. കെ. കുമാരൻ കെ. കെ. ബാലകൃഷ്ണൻ, ടി. കെ. കൃഷ്ണൻ, ടി. കെ. രാമൻ എന്നിവരെ നോമിനേററുചെയ്തിരിക്കുന്നു. ശ്രീ. കെ. കൊച്ചുകുട്ടൻ, സി. അച്യുതമേനോൻ, സി. സി. ജോർജ്ജ്, പി. ആർ. ഫ്രാൻസീസ് എന്നിവർക്ക് പകരമാണ് ഈ പുതിയഅംഗങ്ങളെ നോമിനേററ് ചെയ്തിട്ടുള്ളതു്.

നഗരസഭായോഗം

തൃശ്ശിവപേരൂർ നഗരസഭയുടെ ഒരു അടിയന്തിരയോഗം 1965 മേയ് 25-നു ചൊവ്വാഴ്ച വൈകുന്നേരം 6 മണിക്കു കൌൺസിൽഹാളിൽവെച്ച് കൂടുന്നതാണ്.

ജില്ലാകലക്ടരുടെ ഫിനാൻഷ്യൽ അസിസ്റ്റൻറ്

ഫേറസ്റ്റ് കൺസർവേറററുടെ ഫിനാൻഷ്യൽ അസിസ്റ്റൻറായി തിരുവനന്തപുരത്തേക്കു സ്ഥലംമാററംചെയ്യപ്പെട്ട ജില്ലാ കലക്ടരുടെ ഫിനാൻഷ്യൽ അസിസ്റ്റൻറായിരുന്ന ശ്രീ വി. വേലായുധൻനായർ ഇന്നലെ ചാർജ്ജ്വിട്ടിരിക്കുന്നു. പകരം ശ്രീ. പി. എസ്സ്. മഹാദേവയ്യരെ കലക്ടരുടെ ഫിനാൻഷ്യൽ അസിസ്റ്റായി നിയമിച്ചിരിക്കുന്നു.

....

അതിർത്തിയിലെങ്ങും പാക് സൈനിക കേന്ദ്രീകരണം

(പി ടി ഐ) ഷില്ലോങ്ങ് മേ. 22

കഴിഞ്ഞ രണ്ടാഴ്ചയോളമായി, ത്രിപുര അതിർത്തിയിലും ആസ്സാം—പൂർവ്വപാക്കിസ്ഥാൻ അതിർത്തിയിലും ഉടനീളം പാക്കിസ്ഥാൻ വമ്പിച്ച തോതിൽ പട്ടാളത്തെ കേന്ദ്രീകരിച്ചുവരുന്നതായി കാര്യജ്ഞാനമുള്ള വൃത്തം ഇന്നിവിടെ പ്രസ്താവിച്ചു.

പശ്ചിമഭാഗത്തു് ഇപ്പോൾ നടക്കുന്ന പാക്കിസ്ഥാൻെറ ആക്രമണനടപടികളോടൊപ്പംതന്നെ പൂർവ്വ അതിർത്തിയിലും ആക്രമണത്തിന്നു് അവർ തയ്യാറെടുത്തുവരികയാണെന്നു് വിശ്വസിക്കുന്നതായും ഈ വൃത്തം പറഞ്ഞു.

അതിർത്തിയിലെ ഒരററം മുതൽ മറേറ അററം വരെ പൂർവ്വപാക്കിസ്ഥാൻെറ റൈഫിൾ സേനക്കുപകരം ശരിക്കുള്ള സേനയെ പാക്കിസ്ഥാൻ കേന്ദ്രീകരിച്ചുകൊണ്ടിരിക്കുകയാണ്. മേയ് 2-ാം തീയതിമുതൽആരംഭിച്ച ലത്തിതില്ല ഡമബാറി മേഖലയിലെ ആക്രമണനടപടികൾക്ക് പുറമെ മോർട്ടാറുകളുംമെഷീൻ ഗണ്ണുകൾ തുടങ്ങിയ ആട്ടോമാററിക് ആയുധങ്ങളും ഉപയോഗിക്കുന്നതിൽ വർദ്ധനവ് വരുത്തിക്കൊണ്ടു് വ്യത്യാസപ്പെടുത്തിയിരിക്കുന്നു.

പാക്കിസ്ഥാൻ ഭാഗത്തെ അതിർത്തിപ്രദേശത്തു് താമസിക്കുന്ന ജനങ്ങളെ ഒഴിച്ചുകൊണ്ടുപോയി താൽക്കാലിക ബാരക്കുകളിലേക്കും ടെൻറുകളിലേക്കും കിടങ്ങുകളിലേക്കും മാററിയിരിക്കുന്നതായും ഇവിടെ ലഭിച്ച റിപ്പോർട്ടുകളിൽ കാണുന്നു.

അതിർത്തിയിലെങ്ങുമുള്ള ഇന്ത്യൻ സെക്യൂരിററിസേന ഏതാക്രമണത്തേയും നേരിടുന്നതിന്നു് ജാഗ്രതയായി നില്ക്കുകയാണെന്നു് ഒരു ഔദ്യോഗികവക്താവ് പറഞ്ഞു. മുഴുവൻ അതിർത്തിയും സുരക്ഷിതമാണ്.

കരോട്ടേ കോൾപ്പടവിൽ മുണ്ടകൻകൃഷി

അരിമ്പൂർ സർവ്വീസ് സഹ: സംഘ തീരുമാനം

[സ്വ ലേ] അരിമ്പൂർ മെ. 22

ഇന്നുച്ചതിരിഞ്ഞ് രണ്ടുമണിക്ക് അരിമ്പൂർ സർവ്വീസ് സഹകരണസംഘത്തിൻെറ ആഭിമുഖ്യത്തിൽ കരോട്ടേ കോൾപ്പടവുകാരുടെ ഒരു യോഗം സെക്രട്ടറി സി. ജെ. ജോണിൻെറ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൽ പുഴയ്ക്കൽ ബ്ളോക്ക് ഓഫീസറും അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസറും സംബന്ധിച്ചിരുന്നു.

200 ഏക്രയോളം വിസ്തീർണ്ണമുള്ള കോൾകൃഷിമാത്രം നടത്തിവന്നിരുന്ന കരോട്ടേ കോൾ 1965 ആഗസ്റ്റ് മുതൽ മുണ്ടകൻ കൃഷികൂടി നടത്തുന്നതിനു് യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു. കൃഷിക്കാർക്കുവേണ്ടി സഹകരണ സംഘത്തിനു് പമ്പിംഗ് സബ്സിഡിയും മററ് എല്ലാ ആനുകൂല്യങ്ങളും ഗവമ്മെണ്ടിൽനിന്നു് വാങ്ങിത്തരാമെന്നു് ബ്ളോക്ക് ഡവലപ്പ്മെൻറ് ഓഫീസർ യോഗത്തിൽ വാഗ്ദാനംചെയ്തു.

ഈ പതിയ കൃഷിമൂലം മുപ്പതിനായിരത്തിൽപരം പറ നെല്ല് കൂടുതൽ ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നു് കണക്കാക്കപ്പെടുന്നു.

ഉത്സവം സമാപിച്ചു

(സ്വ ലേ] ഇരിങ്ങാലക്കുട മേ. 22

ഇന്നലെ രാപ്പാളിൽ ആറാട്ടു മുങ്ങിയതോടെ പതിനൊന്നു ദിവസത്തെ കൂടൽമാണിക്യം ക്ഷേത്രത്തിലെ ഉത്സവം അനിഷ്ടസംഭവങ്ങളൊന്നും കൂടാതെ അവസാനിച്ചിരിക്കുന്നു.

ഇന്ത്യയിലെ ഭക്ഷ്യക്ഷാമം കുറെകാലം നീണ്ടുനില്ക്കും

ആന്ധ്രാ അഗ്രി. യൂണിവേഴ്സിററി വൈസ് ചാൻസലരുടെ പ്രസ്താവന

ഹൈദ്രാബാദ്, 22

1965-66 ൽ ഭക്ഷ്യോൽപ്പാദനം 102 ടൺ ആയി വർദ്ധിക്കാനുള്ള സാദ്ധ്യതയില്ലാത്തതിനാൽ ഭക്ഷ്യക്ഷാമം കുറെ കൊല്ലത്തേയ്ക്കുകൂടി ഇതേ നിലയിൽ തുടരുമെന്നു് ആന്ധ്രാ അഗ്രിക്കൽച്ചറൽ യൂണിവേഴ്സിററി വൈസ് ചാൻസലർ ശ്രീ ഒ. പുല്ലറെഡ്ഡി അഭിപ്രായപ്പെട്ടിരിക്കുന്നു.

നമുക്ക് ആവശ്യമുള്ളതു് 102 മില്യൻ ടൺ ഭക്ഷ്യമാണെന്നു ഇവിടെ ഒരു യോഗത്തിൽ പ്രസംഗിക്കവേ അദ്ദേഹം പറഞ്ഞു. എന്നാൽ 1962-63ൽ 73.6 മില്യൻടൺമാത്രമേ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നുള്ള ടാർജററാണെങ്കിൽ 85 മില്യൻടൺ ആയിരുന്നു. ഇക്കണക്കിനു് മൂന്നാംപദ്ധതിയുടെ അന്ത്യത്തിൽ 92 മല്യൻടണ്ണിൽ കൂടുതൽ ഉൽപാദിപ്പിക്കാൻ കഴിയുന്നതല്ല. അതിനാൽ 102 മല്യൻടൺ എന്ന ടാർജററ് യഥാർത്ഥ്യമാകാൻ പോകുന്നില്ലെന്നും വൈസ്ചാൻസലർ ചൂണ്ടിക്കാട്ടി.

ശരാശരി ഏക്കർ ഉൽപ്പാദനം ലോകത്തിൽ ഇന്ത്യയിലാണ് ഏററവും കുറവെന്നും മെച്ചപ്പെട്ട വിത്തുൽപ്പാദന വർദ്ധനവിൻെറ ഒരു പ്രധാന ഘടകമാണെന്നും അദ്ദേഹം പറഞ്ഞു. (കേ പ്ര)

ഫാ: ആൻറണി ചിറമൽ നിര്യാതനായി

അങ്കമാലി, മേ 22

വിൻസെൻഷ്യൽ സഭാംഗമായ ഫാ: ആൻറണി ചിറമൽ (വടക്കൻ) ഇന്നു് രാവിലെ 9 മണിക്ക് നിര്യാതനായിരിക്കുന്നു. ശവസംസ്കാരം നാളെ ഉച്ചകഴിഞ്ഞു് 2 മണിക്ക് നടത്തപ്പെടുന്നതാണ്.

പരേതനു് 83 വയസ്സ് പ്രായമുണ്ടു്.

മാർക്കററിങ്ങ് സഹ. സംഘങ്ങൾക്കു് സഹായം

തൃശ്ശൂർ, മെ 22

തൃശ്ശൂർ പഴം-പച്ചക്കറി സഹകരണസംഘം, ചാവക്കാട്ട് നാളികേര മാർക്കററിങ്ങ് സഹകരണസംഘം, അന്തിക്കാട്ട് കൊപ്ര മാർക്കററിങ്ങ് സഹകരണസംഘം, കൊടുങ്ങല്ലൂർ കൊപ്രമാർക്കററിങ്ങ് സഹകരണസംഘം എന്നീ സ്ഥാപനങ്ങൾക്കു് 25,000 രൂപാവീതം സഹായധനം നൽകുന്നതിനുള്ള പദ്ധതിക്ക് ജില്ലാവികസനസമിതി അംഗീകാരം നൽകിയിരിക്കുന്നു.

എൻ. എസ്. എസിൽ ഉരുൾപൊട്ടൽ

ബഡ്ജററ് സമ്മേളനത്തിൽ ഇരു ഗ്രൂപ്പുകൾതമ്മിൽ ഏററുമുട്ടാൻ സാദ്ധ്യത

സ്വ. ലേ. ചങ്ങനാശ്ശേരി, മെ. 22

മെയ് 29-30 തിയതികളിൽ ഇവിടെവെച്ചു് ചേരുന്ന എൻ. എസ്. എസ്. ബഡ്ജററ് സമ്മേളനത്തിൽ ഉഗ്രമായ ഒരു ഉരുൾപൊട്ടലിനു സാദ്ധ്യതകളുള്ളതായി റിപ്പോർട്ടുചെയ്യപ്പെടുന്നു.

സമീപ കാലത്തുണ്ടായരാഷ്ട്രീയ ചേരിതിരിവുകളാണ് ഈ ആശയസംഘട്ടനത്തിനു വഴിമരുന്നുവിതറിയതെന്നും ഒരുപക്ഷേ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഈ സമ്മേളനം സാക്ഷിനില്ക്കുമെന്നുതന്നെയാണ് കരുതപ്പെടുന്നതെന്നും അറിവായിട്ടുണ്ടു്.

മന്നത്തിൻെറ നേതൃത്വത്തിൽ കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് എൻ. എസ്. എസ്. ഘടകങ്ങൾ കേരളാകോൺഗ്രസ്സിൽ ലയിച്ചു്ചേർന്നു് പണിയെടുത്തത് തീരെ അപാകതയായിപ്പോയെന്നാണ് ഒരു പ്രബലഗ്രൂപ്പിൻെറ ആരോപണം. നാഷണൽകോൺഗ്രസ്സുമായി എൻ. എസ്. എസ്. അകന്നുപോയത് ഔദ്യോഗികരംഗത്തും കേന്ദ്രതലത്തിലും തങ്ങളുടെ മതിപ്പ് ഇടിച്ചുവെന്നും അത്സംഘടനയ്ക്കു് ദോഷംവരുത്തിവെച്ചുവെന്നു മാണു് അവർ വാദിക്കുന്നതു്.

കളത്തിൽ വേലായുധൻ നായരുടെ നേതൃത്വത്തിൽ ഒരു പ്രബലഗ്രൂപ്പ് ഈ അഭിപ്രായത്തിൽ ഉറച്ചുനിൽക്കുകയാണ്. പനമ്പിള്ളി (സംഘടനയിലില്ലെങ്കിലും) തുടങ്ങിയ ചിലരുടെ പിൻതുണയും ഈ ഗ്രൂപ്പിനുണ്ടെന്നു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്.

എന്നാൽ കേരളാകോൺഗ്രസ്സിനെ പിന്താങ്ങിയത്കൊണ്ട് സാമ്പത്തികമായി കുറെ മിച്ചമുണ്ടായെങ്കിലും സംഘടനയ്ക്കു് കുറെ ദോഷംവന്നുവെന്നു് മന്നംപ്രഭൃതികൾക്ക് മനസ്സിലായിട്ടുണ്ടു് പക്ഷെ പററിപ്പോയ അബദ്ധം പരസ്യമായി സമ്മതിക്കാൻ അവർ തയ്യാറില്ല.

കേരളാകോൺ. അണികളിൽനിന്നു് നായർനേതൃത്വം തെല്ലൊക്കെ ബന്ധം വിട്ടുതിരിയുന്നത് ഈ കുററബോധത്തിൻെറ അടിസ്ഥാനത്തിലാണ് തങ്ങളുടെകാര്യം നടക്കണമെങ്കിൽ അന്നന്നു് നാടുവാഴുന്ന. അധികാരികളുടെ പാദസേവ ചെയ്യണമെന്നുംമന്നം പ്രഭൃതികൾ മനസ്സിലാക്കിയിട്ടുണ്ട്

അതിൻെറ അടിസ്ഥാനത്തിലും കൂടിയാണ് മന്നത്തിൻേറയും ശിങ്കിടിപ്പടയുടേയും തലയൂരലുകൾ തുടർന്നുവരുന്നതു് കഴിഞ്ഞദിവസം തൃശ്ശൂർചേർന്ന കേരളാകോൺ: സമ്മേളനത്തിൽ പല നായർ പ്രമുഖരും മുഖംമറച്ചുനിന്നതും മറെറാന്നു കൊണ്ടുമല്ല.

എന്നാൽ കളത്തിൽ പ്രഭൃതികളുടെവാദം ഇങ്ങിനെ ചഞ്ചലമായ നയം കൊള്ളില്ലെന്നാണ്. ക്രൂസ്ത്യൻ പ്രമാണികൾ കോൺഗ്രസ്സിൽനിന്നു് കുറെയൊക്കെ മൗനംപോയ സ്ഥിതിക്ക് ശങ്കർ കൂട്ടാളികളുടെ തണ്ടു് കുറയ്ക്കാൻ എൻ. എസ്. എസ്. കൂട്ടത്തോടെ കോൺഗ്രസ്സിൽ കടന്നുകൂടണമെന്നാണ് അവർ ഉന്നയിക്കുന്ന ന്യായവാദം.

അങ്ങിനെ സ്ഥിരമായി കോൺഗ്രസ്സിൽ കൂടാരമടിക്കണമെന്ന വാദക്കാരും അന്നന്നത്തെ ഭരണാധികളെ സ്തുതിച്ചു് കഴിഞ്ഞാൽ ആനുകൂല്യങ്ങൾ കൂടുതൽ നേടിയെടുക്കാമെന്നു് വാദിക്കുന്ന ആളുകളും തമ്മിലുള്ള ഏററുമുട്ടലായിരിക്കുംവരുന്ന ബഡ്ജററ്സമ്മേളനത്തിൽ ദൃശ്യമാകുക.

എന്തൊക്കെയായാലും മന്നത്തിൻെറ നേതൃത്വം ജയിക്കുമെന്നതിനു സംശയമില്ല. പക്ഷേ ഇങ്ങിനെ തിരുവായ്ക്കെതിർവായ് വളരുന്നതു് മന്നത്തെ വല്ലാതെ വിവശനാക്കുന്നുണ്ടെന്നാണ് പറയപ്പെടുന്നതു്.

Printed and Published by Paul Valappila for the A. C. P Institute at the Thozhilali press Trichur

ഈ. മ. യൗ.

ഞങ്ങളുടെ അപ്പൻ ആത്മത്തിനുവേണ്ടുന്ന അന്ത്യകൂദാശകൾ എല്ലാം കൈക്കൊണ്ടു് ഇന്നു് (22-5-1965) ഉച്ചകഴിഞ്ഞു് 2 മണിക്ക് കർത്താവിൽ നിദ്രപ്രാപിച്ച വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.

ശവസംസ്കാരം നാളെ (ഞായറാഴ്ച) ഉച്ചതിരിഞ്ഞു് 4 മണിക്ക് നിശ്ചയിച്ചിരിക്കുന്നു.

എന്നു്,

മാറം, 22-5-1965

കാക്കശ്ശേരി ജോസഫ് ജോസ് (അയ്യണ്ണി)
,, ,, സൈമൺ
,, ,, ചാക്കൊ †

ലേലപരസ്യം

1965-ൽ തൃശ്ശൂർ പൂരത്തിനോടനുബന്ധിച്ചു് തേക്കിൻകാട്ട് മൈതാനത്തു് നടത്തപ്പെട്ട എക്സിബിഷനിൽ കേരളാ കൃഷി ഡിപ്പാർട്ടുമെൻറിൻെറ പവലിയനിൽ ഉള്ള പ്ലൈവുഡുകളും, ഗ്രീൻഹൌസും മററും 25-5-1965 വൈകുന്നേരം 4 മണിക്കു് തേക്കിൻകാട്ട് മൈതാനത്തുവെച്ചു് പരസ്യമായി ലേലംചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ കൃഷി ആഫീസിൽ അന്വേഷിക്കുക.

(Sd)
Dist: Agrl. Officer
TRICHUR.

"മാധവ" ബാലപീയൂഷം

എല്ലാ ബാലരോഗങ്ങളിൽനിന്നും പരിരക്ഷ നൽകി കുഞ്ഞുങ്ങൾക്ക് ആരോഗ്യവും തേജസ്സും ശരീരപുഷ്ടിയും നൽകുന്ന ഉത്തമ ടോണിക്ക്
16ഔ. 3ക. 50ന.പ. 8ഔ. 2ക.

"മാധവ" ബാലജീവനം

ശിശുക്കൾക്ക് സുഖശോധനയ്ക്കും രക്തശുദ്ധിക്കും ബിന്ദുമാത്രയിൽ കൊടുക്കാനുള്ളതു്.
അര ഔ. 60പൈ.

എല്ലാ പ്രധാന മരുന്നുഷാപ്പുകളിൽനിന്നും ലഭിക്കുന്നു.

മാധവ ഫാർമസ്യൂട്ടിക്കൽ ലാബറട്ടറീസ്,
H. O. എറണാകുളം Phone: 238.
ഗവേണിങ്ങ് ഡയറക്ടർ: പൊരുതിയിൽ നാരായണൻ വൈദ്യർ

Gl

മുനിസിപ്പൽ ആഫീസ്സ്,
തൃശ്ശൂർ, 19-5-1965.


പരസ്യം

തൃശ്ശൂർ മുനിസിപ്പൽ ടൌൺ റോഡുകൾ നന്നാക്കുന്നതിനു് തയ്യാറാക്കിയ 32100/-ക.കളുള്ള 22 എസ്റ്റിമേററുകൾ പ്രകാരം പണികരാറെടുത്തു് നടത്തുന്നതിനു സീൽവെച്ച ടെണ്ടറുകൾ 1965 ജൂൺ 2-ാംനു- ബുധനാഴ്ച വൈകുന്നേരം 4മണിക്ക് മുമ്പായി മുനിസിപ്പൽ കമ്മീഷ്ണർ സ്വീകരിക്കുന്നതാണ്. ടി ടെണ്ടറുകളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ മുനിസിപ്പൽ ആഫീസ്സിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

കമ്മീഷ്ണർ.

For Favours Received

തിരുകുടുംബമാ സ്ഥാപക
ബ. മറിയം ത്രേസ്യാമ



സൈമൺ ഡേവി
വർളി, ബോംബെ.

ദശമൂലാരിഷ്ടം
650 മി. ലി. കുപ്പി 1-ക്കു് 3-00
ജീരകാരിഷ്ടം
കുപ്പി 1-ക്കു് 2-75
ലോഹാസവം
കുപ്പി 1-ക്കു് 2-75
മുസ്താരിഷ്ടം
കുപ്പി 1-ക്കു് 2-50
ച്യവനപ്രാശം
454 ഗ്രാമിനു് 3-25
മറെറല്ലാതരം ആയുർവ്വേദ മരുന്നുകളും വില്പനയ്ക്കുണ്ടു്.
ഏജൻറുമാരെ ആവശ്യമുണ്ടു്
സുധാകര ഫാർമസി
വടക്കേച്ചിറ റോഡ് —തൃശ്ശിവപേരൂർ



തൊഴിലാളി - TRICHUR 23-5-1965 സൺഡേ സപ്ലിമെൻറ്

നോവൽ_7

മുല്ലപ്പന്തൽ

ജോയിമുട്ടാർ

പ്രഭാതത്തിന്റെ പാടലശോഭ പരന്നു. നിശ്ചലമായ പ്രകൃതിയെ കോരിത്തരിപ്പിച്ചുകൊണ്ട് ദേവാലയത്തിൽനിന്ന് കുട്ടമണിമുഴങ്ങി. ജെസ്സിയും ലിസ്സമ്മയും ഉടുത്തൊരുങ്ങി പള്ളിയിൽപോയി. മരിയാമ്മ വേലക്കാരിയെക്കൊണ്ട് മൂന്നു നാലു ചേനയും, കറി കാച്ചിലും ചെറുകിഴങ്ങും ശീമച്ചേമ്പുമൊക്കെ പാറ്റിപ്പിച്ചു. എല്ലാം വൃത്തിയായി ഒരുക്കി ഒരു ചാക്കിലാക്കി. ലിസ്സമ്മയുടെ വീട്ടിൽ കൊടുത്തയക്കാനാണത്.

പള്ളി പിരിഞ്ഞു വന്നാലുടൻ പുറപ്പെടണമെന്നാണ് തീരുമാനം. പുരവെള്ളത്തിലൂടെ കതിച്ചുകയറുന്ന പരൽമീനുകളെപ്പോലെ തോളോടുതോളം ചേർന്ന് നീങ്ങുന്ന മധുരപ്രതിനിഴകാരികളെ കണ്ട് പൊന്നിൻതാലി ചാർത്തിയ മുക്കററി തലയാട്ടിക്കളിച്ചു.

'അപ്പച്ചാ! ഞങ്ങളൊടനെ പോകയാം.

പുരയിടത്തിന്റെ മൂലയിൽനിന്നു കൃഷിനോക്കുന്ന ഈപ്പച്ചനോടു ലിസ്സമ്മ പറഞ്ഞു.

'ഊണു കഴിച്ചിട്ട് പോയാൽ പോരേ!'

'ഉടനെ പോകണം.'

'ശ്രുതിയാണെങ്കിൽ പൊയ്ക്കോ—'

ഈപ്പച്ചൻ അവരുടെ കൂടെ വീട്ടിലേക്കു നടന്നു.

മരിയാമ്മ കാപ്പി തയാറാക്കി കാത്തിരിക്കുകയായിരുന്നു. അവർ മേശയ്ക്കു ചുറ്റും ഇരുന്നു. ജെസ്സി നേരമ്പോക്കുപറയും. ലിസ്സമ്മ പൊട്ടിച്ചിരിച്ചു. പവിഴമണികൾപോലെ ഇടകലർന്നു വീഴുന്നതുപോലുള്ള സ്വരം. സ്നേഹസുന്ദരമായ ശബ്ദം ശ്രുവിച്ച മാടത്ത അലകഴികൾക്കള്ളിൽ കിടന്ന എന്തൊക്കെയോ പറഞ്ഞു. ഈപ്പച്ചൻ ഒരു പാത്രത്തിൽ പാലുമായി അടുത്തുചെന്നു.

'അമ്മച്ച', ഈ ലിസ്സമ്മക്ക് ഒന്നും തിന്നാനറിയാമ്മേല.'

'ചെറുപ്പത്തിൽ ശരിയ്ക്കു തിന്നെങ്കിലേ തടി വരത്തൊള്ളൂ.'

മരിയാമ്മ പറഞ്ഞു.

'ഇച്ചിരെ തടിക്കുടെ വരുത്തണം, കേട്ടോ ലിസ്സമ്മേ'

ജെസ്സി അടിച്ചുവിട്ടു.

'ഇനി എന്നിഞ്ഞൊട്ടുവരും?'

'ക്രിസ്മസ്സിന്റെ അവധിക്ക്.'

'അതിനിപ്പുറം ഞാൻ കൊണ്ടുവരാമമ്മച്ചീ.'

ലിസ്സമ്മയ്ക്കു കാപ്പി മതിയെന്നു തോന്നി. മരിയാമ്മ സമ്മതിച്ചില്ല. ആ സ്ത്രീ അടുത്തിരുന്നു കുറേ കൂടി നിർബന്ധിച്ചു.

'മതി അമ്മായി.'

'നിങ്ങളൊക്കെ കഞ്ഞുങ്ങളല്ലേ.'

'അതുകൊണ്ടല്ലേ ഇത്രേം തിന്നുന്നു.'

ലിസ്സമ്മ എണീറ്റു. പിന്നാലെ ജെസ്സിയും. പാപ്പച്ചൻ കളി കഴിഞ്ഞുവന്നു. ആ തക്കം അവനും ഡ്രൈവർ ജോണിക്കും കാപ്പി കൊടുത്തു.

ജെസ്സിയും കൂട്ടുകാരിയും മുറിയിൽകയറി സാരിയും ബ്ലൗസ്സും മാറും മടക്കി ബായ്ഗിൽ വെച്ചു. ജെസ്സി പൗഡർ ഡപ്പി നീക്കിവെച്ചു. ലിസ്സമ്മ അതു പൂരിപ്പാൻ മടിക്കുന്നതു കണ്ടപ്പോൾ ജെസ്സി കുറെയെടുത്തു കൂട്ടുകാരിയുടെ മുട്ടത്തകവിംത്തടങ്ങളിൽ പൂശി. ചെങ്കതിരുകളേറ്റ വെണ്മേഘംപോലെ അവളുടെ മുഖം പ്രകാശിച്ചു.

പാപ്പച്ചൻ തയാറായിക്കഴിഞ്ഞു. ലിസ്സമ്മ മരിയാമ്മയുടെ അടുത്തെത്തി നന്ദിവാക്കുകൾ പറഞ്ഞു. സ്നേഹത്തോടുകൂടി അവർ യാത്ര ചോദിച്ചു.

'വല്ലപ്പോഴും ഇങ്ങോട്ടു വരണം' ഈപ്പച്ചൻ പറഞ്ഞു.

'ക്രിസ്മസ്സിന്റെ അവധിക്കു വരാം'

'ഞാൻ കൊണ്ടുവരത്തില്ല'

'എനിക്കറിയാം വരാൻ'

ലിസ്സമ്മ മടത്തില്ല.

'മിടുക്കി'

മരിയാമ്മ പിന്താങ്ങി.

കാർ മേഘപടലങ്ങളിൽ മൂടപ്പെട്ട അമ്പിളിക്കലപോലെ അവളുടെ മുഖം ഗ്ലാനമായി. അവിടെ നിന്നു പോകുന്നതിലുള്ള വിഷമം.....വീട്ടിലെ കാര്യങ്ങളെപ്പറ്റി ഓർക്കുമ്പോൾ അവളുടെ ഹൃദയം കടലുമാതിരി ഇളകിമറിയുകയാണ്. തന്നെ സ്വീകരിച്ച സല്ലരിച്ച ജെസ്സിയും സഹോദരനും! പ്രിയപ്പെട്ട അതിഥികളെ ഇളയമ്മ കാര്യമായി സ്വീകരിക്കുമോ എന്തോ! അവളുടെ ഹൃദയവിപഞ്ചികയുടെ വേദനയുടെ ചുടുകാട്ടിലേക്ക് നീങ്ങുന്നതുപോലെ തോന്നി. എന്തും സംഭവിക്കട്ടെ. എല്ലാം സഹിക്കാനും ക്ഷമിക്കാനും ഹൃദയമുള്ള വരാണ തന്റെ അതിഥികൾ.

പാപ്പച്ചൻ മുറ്റത്തേക്കിറങ്ങി, ഡ്രൈവർ വണ്ടി സ്റ്റാർട്ടാക്കി. ഒന്നുകൂടി യാത്ര ചോദിച്ചുകൊണ്ട് ആ പേടമാൻകണ്ണിമാർ പിൻസീററിൽ ഇരുന്നു.

'ജെസ്സമ്മേ! ഞങ്ങടെ വീട് ചെറുതാ—'

വണ്ടി ഹുങ്കാരത്തോടെ പായുന്നതിനിടയിൽ ലിസ്സമ്മ പറഞ്ഞു.

'ഞങ്ങൾക്കതാ ഇഷ്ടം'

ജെസ്സി അർത്ഥവത്തായി പറഞ്ഞു.

'ലിസ്സമ്മേ, നിങ്ങളുടെ നാട്ടിൽ എനിക്കൊരു കൂട്ടുകാരനൊണ്ട്"

'ആരാ പാപ്പച്ചാ—'

'ഓഡിറ്ററർ കരുണാകരൻ നായർ'

'അറിയും. ഞങ്ങളുടെ വീട്ടിൽ നിന്നും ഒരു മൈൽ നടക്കണം'

'വണ്ടി പോകുമല്ലേ'

'നടന്നേ പറ്റൂ.'

ജെസ്സമ്മയുടെ സാമ്പത്തിക സ്ഥിതിയെപ്പറ്റി ചാണ്ടിക്കുഞ്ഞു ശരിയ്ക്കും പഠിച്ചിട്ടുണ്ട്. അവളെ സല്ലരിക്കുന്നതിനുള്ള എല്ലാ മുറവപാടുകളും ചാണ്ടിക്കുഞ്ഞ് അടുപ്പിച്ചുകഴിഞ്ഞു അവരെ പ്രതീക്ഷിച്ചുകൊണ്ട് പത്തു മണി മുതൽ അയാം ബസ്സ്റ്റോപ്പിൽ കാവലാണ്. അതാ ഒരു അംബാസിഡർ കാർ പാഞ്ഞുവരുന്നു. ചാണ്ടിക്കുഞ്ഞു തുറിച്ചുനോക്കി. ഡ്രൈവറുടെ അടുത്തിരിക്കുന്ന യുവാവ് തനിക്കു പരിചിതനല്ല. കാറിന്റെ കിളിവാതിലിലൂടെ പുഞ്ചിരി തൂകുന്ന ജെസ്സമ്മയെ ചാണ്ടിക്കുഞ്ഞ് കണ്ടു. അവളുടെ തോളിൽ കൈ വെച്ചിരിക്കുന്ന ലിസ്സമ്മയേയും. കന്നിനിലാവുകണ്ട പരൽമീനെപ്പോലെ അയാളുടെ ഹൃദയം തുടിച്ചു.

പിതാവിനെ കണ്ടപ്പോൾ പ്രിയപുത്രിയുടെ ചെമ്പുണ്ടകം വിരിച്ചു. കുഞ്ഞലകം ചിറക വിടർത്തി അവളുടെ ചേതനയിൽ പറന്നടുത്തു.

വണ്ടി ആടരവോടെ വന്നുനിന്നു.

'അപ്പച്ചോ, എന്നാപ്പൊണ്ടു വിശേഷം.'

ജെസ്സി ചോദിച്ചു.

'വിശേഷമൊന്നുമില്ല.'

ലിസ്സമ്മ പുഞ്ചിരിയോടെ അപ്പനെ സ്വീകരിച്ചു.

'ഇച്ചായച്ചാ, ലിസ്സമ്മയുടെ അപ്പച്ചനാണിത്'

'എന്നെ പരിചയമില്ലാരിക്കും'

'കേട്ടിട്ടുണ്ട്"

'ഇച്ചനിയറിംഗ് കോളജിലല്ലേ?'

'അതേ'

'വാ നമുക്കു നടക്കാം'

'ജോണി ഇതാ—'

പാപ്പച്ചൻ രണ്ടു രൂപയുടെ ഒരു നോട്ടെടുത്തുനീട്ടി. അവൻ അതു വാങ്ങി. വണ്ടി ഓടിച്ചുകൊണ്ടു തണലിലേക്കുപോയി.

'ഒരു വള്ളം കിട്ടിയാൽ കൊള്ളാരുന്നു'

'വള്ളത്തിന്റെ ആവശ്യമില്ല പാപ്പച്ചാ'

'കൊറച്ച കാച്ചിലും മറ്റും വീട്ടിൽ കൊണ്ടുപോകാനാ'

'ഞാൻ പറഞ്ഞു വേണ്ടെന്നു. അമ്മായി സമ്മതിക്കേണ്ടേ'

ലിസ്സമ്മ പറഞ്ഞു.

'അതിനെന്താ സ്നേഹംകൊണ്ടല്ലേ മോളേ'

ചാണ്ടിക്കുഞ്ഞ് ഒരു കൊച്ച വള്ളക്കാരനെ വിളിച്ചുവരുത്തി. ചാക്കുകെട്ട വള്ളത്തിൽവെച്ചു. അതിഥികളെയും സ്വീകരിച്ചുകൊണ്ട് ചാണ്ടിക്കുഞ്ഞ് തോട്ടത്തീരത്തിലൂടെ നടന്നു. കഞ്ഞലകം തത്തിക്കളിക്കുന്ന തോട്ടത്തീരത്തിലൂടെ പാലപ്പൂവിന്റെ പരിമളവും ആസ്വദിച്ചുകൊണ്ട് അവർ മന്ദമന്ദം നടന്നു.

കനകകുംഭങ്ങളണിഞ്ഞ തെങ്ങുകളും ആ കുഗ്രാമത്തിന്റെ അഴക് വർധിപ്പിച്ചുകൊണ്ടിരുന്നു. തെങ്ങോലത്തുഞ്ചങ്ങളിൽ രസക്കുടുക്കപോലെ ഞാന്നുകിടക്കുന്ന കരുവിക്കുട്ടകം ജെസ്സിയെ അത്യധികം ആകർഷിച്ചു. ഇടതിങ്ങി വളർന്ന വളരുന്ന ആലുവാക്കരിമ്പിന്റെ കാക്കരിശബ്ദം കേട്ടുതുടങ്ങി. കരിമ്പിൻതോട്ടത്തിന്റെ മദ്ധ്യത്തിലൂടെ വേണം; ഇനി മുന്നോട്ടു നീങ്ങുവാൻ. വെള്ളത്ത പട്ടവസ്ത്രംപോലെ തെളിഞ്ഞുനിന്ന കരിമ്പിൻകുലകൊണ്ട് അലംകൃതമാണ് ആ പാടശേഖരം. ആയിരക്കണക്കിനു കരുവികളും സൈരവിഹാരം ചെയ്യുന്ന കരിമ്പിൻതോട്ടവും കടന്നു അവർ ആറാമതിട്ടയിലെത്തി.

'അക്കാണുന്ന ചെറിയ വീടാ' ലിസ്സമ്മ കൈചൂണ്ടിക്കാണിച്ചു. 'അതത്ര ചെറുതൊന്നുമല്ലല്ലോ!' ജെസ്സി പറഞ്ഞു.

'പുരയൊന്നു പുതുക്കിപ്പണിയണമെന്നു പ്ലാനൊണ്ട്. എന്തു ചെയ്യാം. കൃഷിനാശംകൊണ്ട് ഒന്നും നടക്കുന്നില്ല.'

'പുരചെക്കാനും പെണ്ണിനെകെട്ടിക്കാനും ഒരു സമയമുണ്ട്.'

പാപ്പച്ചൻ ചാണ്ടിക്കുഞ്ഞിനെ സമാധാനിപ്പിച്ചു.

അവർ വീടിനടുത്തെത്തി. ലിസ്സമ്മയുടെ ഹൃദയം തമ്പോരുമാതിരി അടിക്കുന്നുണ്ടായിരുന്നു. പുര മുകളിലൂടെ ചുരുൾ ചുരുളായി പുക ഉയരുന്നു. വേവുന്ന മാംസത്തിന്റെ മണം ഉയർന്നു. ലിസ്സമ്മക്കു കുറെ ആശ്വാസമായി. അതിഥികളെ കാര്യമായി സ്വീകരിക്കാനെന്നോണം ചാണ്ടിക്കുഞ്ഞു മുന്നേ നടന്നു.

പ്രായക്കുറവാണെങ്കിലും പ്രാപ്തിയുള്ളവളാണ് ഓമന. അവൾ പുരയും പരിസരവും വൃത്തിയായി അടിച്ചുവാരിയിരുന്നു. നിരയിൽ തറച്ചുപടിപ്പിച്ചിരുന്ന കണ്ണാടിച്ചില്ലിട്ട ഫോട്ടകം തുടച്ചു വെടിപ്പാക്കി. പലകമെടയിൽ നക്ഷത്രങ്ങളെപ്പോലെ പറ്റിപ്പിടിച്ചിരുന്ന ചുണ്ണാമ്പുപൊട്ടകം ചുരണ്ടിക്കളഞ്ഞു കഴുകി വെടിപ്പാക്കി. എങ്ങുനിന്നോ കിട്ടിയ പുതിയ കലണ്ടറുകളും കലാരംഗിയോടെഭിത്തിയിൽ തൂക്കിയിട്ടു.

ചാരുകസേരയുടെ തുണി അലക്കി വൃത്തിയാക്കി. മറ്റു കസേരകളും കാരവെള്ളത്തിൽ കഴുകി അഴക്കുകളഞ്ഞു. പുതുതായി തൈച്ച കുഷ്യനുകളും കസേരയുടെ അഴക വർദ്ധിപ്പിച്ചു. ചേച്ചിയുടെ പഴയ സാരി രണ്ടായി കീറി ഒരു കഷണം മേശവിരിയായി. മറേറ കഷണം നാലായി മുറിച്ച് ജനലിനു പാവാട കെട്ടി. മുറത്തിനു ചുറ്റും ഇടവരമ്പ്. വരമ്പത്തു പൂൽത്തകിടി വെട്ടിവെച്ചു. അരികത്തു ഏതാനും ചെടികളും കഴിച്ചുവെച്ചിട്ട് ഒരാഴ്ചയായി. പുതുമയാർന്ന ചന്തം മുറത്തു വിരിച്ചിട്ടുണ്ട്.

ആ ഭവനം ഇതിനു മുമ്പ് ഇത്ര അണിഞ്ഞൊരുങ്ങിയിട്ടില്ല. ഇനി വിവേകങ്ങളെപ്പറ്റി മാതൃമേ അവർക്കു വിചാരമുള്ളൂ. വൃത്തിയായി പാകപ്പെടുത്തിയ കറിയും മറ്റും ഉണ്ടായിരുന്നെങ്കിൽ!

പ്രിയപ്പെട്ട ചേച്ചിയേയും കുട്ടികാരിയേയും സ്വീകരിക്കാനെന്നോണം പുഞ്ചിരി തൂകി പൂമുഖത്തു നില്ക്കുകയാണ് ഓമന. നീലപ്പാവാടയും വെള്ള ബ്ലൗസ്സും ധരിച്ച കുഞ്ഞനിയത്തി.

അതിഥികൾക്കു സ്വാഗതം ആശംസിച്ചുകൊണ്ട് ചാണ്ടിക്കുഞ്ഞു നടുമുറ്റത്തെത്തി. പൂമുഖത്തെ കണ്ടപ്പോൾ ഉമ്മ മുത്തിക്കിടന്ന മണൽത്തരികൾ 'കിരുകിര'വെച്ചു. പാപ്പച്ചൻ വരാന്തയിൽ കിടന്ന കസാലയിൽ ഇരുന്നു. ജെസ്സിയും വരാന്തയിൽ എത്തി. ലിസ്സമ്മ അടുക്കളയിൽ കയറി ഒരു മിന്നൽ പരിശോധന നടത്തി. സമുചിതമായ ഒരുക്കം. അവളുടെ ആത്മാവിൽ സംതൃപ്തിയുടെ പൂർണ്ണചന്ദ്രൻ ഉദിച്ചു.

ജെസ്സി അടുക്കളയിൽ കയറി അച്ചാമ്മയുമായി സംസാരിച്ചു. അല്പം കഴിഞ്ഞു ലിസ്സമ്മ കുട്ടുകാരിയെയുംകൊണ്ട് തെക്കേ മുറിയിലേക്കു നീങ്ങി. കട്ടിലിൽ വിരിച്ചിരുന്ന പുത്തൻ മെത്തയിൽ അവളെ ഇരുത്തി. സംസാരിക്കാൻ ഓമനയെക്കൂടി പിടിച്ചിരുത്തി. അവൾ ഇളയമ്മയെ സഹായിക്കാൻ അടുക്കളയിലെത്തി.

ചാണ്ടിക്കുഞ്ഞും പാപ്പച്ചനും തമ്മിൽ വരാന്തയിലിരുന്നു സംസാരിക്കുകയാണ്. കിഴക്കുവശ്ശങ്ങളുമായി കൊച്ചുവള്ളക്കാരൻ കടവിൽ അടുത്തു. അച്ചാമ്മ നിറഞ്ഞ സന്തോഷത്തോടെ അതു വാങ്ങി.

ചാണ്ടിക്കുഞ്ഞ് അച്ചാമ്മയെ കണ്ടു നേക്കി. അവർക്ക കാര്യം മനസ്സിലായി. ആ സ്ത്രീ തലയാട്ടി.

'പാപ്പച്ചാ, ചോറണ്ണാം. മണി പന്ത്രണ്ടു കഴിഞ്ഞു.'

'അൽപ്പംകൂടി കഴിയട്ടേ'

ലിസ്സമ്മ നിർബന്ധിച്ചു.

അച്ചാമ്മയും ഊണിനു ക്ഷണിച്ചു.

പാപ്പച്ചൻ എണീറ്റു കൈകഴുകി. ലിസ്സമ്മ ജെസ്സിയെ വിളിച്ചു. ഓമന, വിഭവങ്ങളെടുത്തു മേശമേൽവച്ചു. ലിസ്സമ്മകൂടി ഇരിക്കാൻ അവർ നിർബന്ധിച്ചു. അവരും പിന്നീടു ഇരുന്നുകൊള്ളാമെന്നു പറഞ്ഞു. ജെസ്സി അതു സമ്മതിച്ചില്ല. അവരും ഓരോന്നും വിളമ്പി. ജെസ്സമ്മയുടെ നിർബന്ധം മൂത്തപ്പോൾ ലിസ്സമ്മകൂടി ഇരുന്നുകൊള്ളാൻ ഇളയമ്മ അനുവദിച്ചു. പരിചാരികയായി ഓമന അടുത്തു നിൽപ്പുണ്ട്. വാള വേവിച്ചതും കരിമീൻ വറുത്തതും രാവാവിരിച്ചിയും മറ്റും അവർക്കോരോ ഇഷ്ടപ്പെട്ട.

ചാണ്ടിക്കുഞ്ഞിന്റെ ചിറ്റാപ്പന്റെ മകളുടെ വിവാഹം കഴിഞ്ഞിട്ട് രാത്രിയേയുള്ളൂ. അവളും രത്നാവും വിരുന്നിനു വന്നിട്ട്

നാലുദിവസമായി. ആചാരമര്യാദ അനുസരിച്ച് അവരെ കൊണ്ടുപോകാൻ ആളു വന്നിട്ടുണ്ട്.

അതിഥികളെ തീററിപ്പോററിയശേഷം ചാണ്ടിക്കുഞ്ഞും മറിയാമ്മയും വധൂവരന്മാരെ യാത്രയാക്കാൻപോയി. മാമനയുടെ കൂടെ ജെസ്സിയും ആ വീട്ടിലേക്കു നടന്നു.

പാപ്പച്ചൻ വരാന്തയിൽ ഇരുന്നുകൊണ്ട് സിഗരറ്റു വലിക്കുകയാണ്. മുറിയകത്തു കതകുപാളിയോടു പേന്മ നില്ക്കുകയാണ് ലിസ്സമ്മ.

'ലിസ്സമ്മ ഇനി എന്നു വീട്ടിലേക്കു വരുന്നു'

സൗകര്യപ്പെട്ടാൽ ക്രിസ്തുസ്സ് അവധിക്ക്.

'വരണം. ക്രിസ്തുസ്സ് അവധിക്കു

(തുടർന്നു വായിക്കുക പേജ് 4)

"ഭാരതത്തിൻ പ്രിയപുത്രിയായ് നീ ഭാവുകം ചെയ്യുകെൻ ജന്മനാടേ!"

തെക്കേക്കുന്നത്തു് ഓമനകുമാരി

—oo—oo—

എന്നയൽപക്കത്തലയടിപ്പൂ!
ഉന്നതം—തുയ്യലും, നൂലുനൂൽപ്പും.
അംബർചക്രാ കറങ്ങുന്നിരമ്പം
അംബുധിപോലിരച്ചെൻറകാതിൽ
കണ്ണു പിയുഷമായ് വന്നലയ്ക്കേ;
കണ്ണിനുകൌതുകം തോന്നികാണാൻ.
ക്ലാസാരംഭിച്ചു പരിചയപ്പാലെ—
ന്നിശ ശ്രാദ്ധനയോട്ടകൂടി.
ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ പെൺകൊടിമാ
രൊന്നിച്ചിരുന്നച്ചമാലപിപ്പൂ!
അല്പനിമിലിത നേത്രയായ—
അല്പുപികാ, ശിഷ്യലോകൃതയായ
ചുംബപടിഞ്ഞിരിപ്പാണ്! പ്രാർത്ഥി—
ച്ചമ്പലയിച്ചാത്മനിർവൃതിയിൽ.
സവ്യമതേശ്വര പ്രാർത്ഥനകേ—
ട്ടവ്യാദേവിചിരിച്ചുനിൽപൂ!
മനത്തനങ്ങാതെ നിന്നുകുംപ്പൂ;!
കാലത്തുയർന്നൊകുഗീതമക്കൻ.

അഖിലാണ്ഡമണ്ഡലമണിയിച്ചൊരുക്കി
അതിനുള്ളിലാനന്ദദീപംകൊളുത്തി.

X X X X

രഘുപതിരാഘവരാജാറാം
പതിതപാവന സീതാറാം.....

X X X X

[2]

സ്ത്രീ സമാജംകാക്കും കെട്ടിടത്തിൻ
ശ്രീലവിശാലമാം ഹാളിനുള്ളിൽ
അ,ങ്ങതിരംഗിയായി,ലന്തിയോളം
പൊങ്ങുന്നു! നൂലുനൂൽ പിന്നിരമ്പം.
'കൃ' നിരന്നങ്ങനേ ചക്രതോരം
ചേർന്നിരുന്നേവരും ചെയ്വുജോലി.
ഓമൽക്കൈയ്യോരോരോ ചക്രകളി—
ലോലിക്കുമ്പോലാം; തന്നെത്താനേ
പഞ്ഞിച്ചരുളല തെന്നിത്തെന്നി
തിങ്ങും നൂൽപാളിയായ് പാവിവന്നു.
പിന്നെപ്പിന്നങ്ങനേ നേർത്തുനേർത്തായ്
പൊന്നം 'കഴ'നൂലായ് കേന്ദ്രമുത്തും,

[3]

വ്യാഴവട്ടങ്ങൾ മുമ്പുമുമ്പാ
കാലാന്തരത്ത ഞാനോർത്തുപോയ്.
സ്വാതന്ത്ര്യമാശ്വസിച്ചുണ്ണിന്നരുളാൻ
സാക്ഷാൽകരിച്ചവതാരമൂർത്തി—
ഈയുഗത്തിൻ ദ്വിദീപം, ആഷ്
ഭാരതത്തിന്റെ പ്രത്യക്ഷദൈവം:—
യാതനാകോടികം മന്ദസ്മിതാ—
പേതനായ് നിന്നെതിരേറ്റ ദിവ്യൻ:—
മാറിൽ നിറതോക്കൊഴിച്ച 'നാഥൂ—
റാ'മിനും മാപ്പരുളുന്നദാവൻ:—
കഷ്ടിച്ച മുട്ടുകാൽ മുഴംകഷർ
വേഷ്ടിയുടുത്തദ്ധ നഗ്നാംഗനായ്
ചക്രംപടിഞ്ഞിരുന്നാത്മരോം
ചക്രം ചുറ്റിച്ചരുളുന്നചിത്രം.
വൃദ്ധഹസ്തങ്ങളാൽ നൂലുനൂൽക്കും
സ്നിഗ്ധചിത്രം പെട്ടെന്നോർമ്മവന്നു!
കർമ്മയോഗിശ്വരചര്യയാപട—
മനുഷ്യന്നോമന്ദിരം വെൺമവീശി.
ഞാനറിയാതൊരാനന്ദമെന്നിൽ
താനേതുടിച്ചുള്ളം തുള്ളിനിന്നു!!
ആചന്ദ്രതാരം ജ്വലിച്ചുനിൽക്ക—
ന്നാഷ്ടപിതാവിന്റെ ശിഷ്യകളായ്
ഓമൽസഹോദരിമാരേ! നിങ്ങ—
ളോരോനിമേഷവും നന്മചെയ്യൂ.
നാടിന്റെ നഗ്നത തീരമാററി
വീടിന്നഭിവൃദ്ധി വാർത്തെടുക്കൂ!
നിങ്ങളുനോക്കിപ്പാവിച്ചിടട്ടേ
അങ്ങിങ്ങലസകളായ്കഴിവോർ.
മൈനംദിനം തൊഴിലില്ലായ്മയെ—
ട്ടൂരീകരിയ്ക്കുട്ടേ!!! അംബർചക്ര.
ഇച്ചേന്ദമംഗളം' സ്ത്രീസമാജം
ഇച്ചിച്ചുപോൽ കൃതകൃതുയായി
ഭാരതത്തിൻ പ്രിയപുത്രിയായ് നീ
ഭാവുകം ചെയ്യുകെൻ ജന്മനാടേ!

—ooo—

സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പോരാളിയായിരുന്ന നെഹ്റുവിന്റെ ജീവിതം ത്യാഗോജ്ജ്വലം തന്നെ

നെഹ്റുയിസം ജീവിക്കുന്നു

അന്താരാഷ്ട്രീയ വീക്ഷണം, ജനാധിപത്യം, സോഷ്യലിസം, ശാസ്ത്രബോധം എന്നീ നാല് സ്തൂപങ്ങളിൽ ഉറപ്പിച്ചുനിർത്തിയിരുന്ന ഒരു രാഷ്ട്രീയ വീക്ഷണമാണ് നെഹ്റു ഇന്ത്യയ്ക്കു നൽകിയിരുന്നത്. ഇവ നെഹ്റുവിലൂടെ സംഹരിക്കപ്പെടുമ്പോൾ പതിന്മടങ്ങു ചൈതന്യമുള്ളതായിത്തീരുന്നു. അതിനു കാരണം അദ്ദേഹത്തിന്റെ മഹത്തായ വ്യക്തിപ്രഭാവമത്രെ.

ദുഃഖം ഒരു മുടൽമഞ്ഞുപോലെ നമ്മെ വലയംചെയ്തിരിക്കുന്നു. ഈ മുടൽമഞ്ഞിലൂടെ ദൂരത്തേയ്ക്കു നോക്കിക്കാണുകയുക്തിക്കുമാണ്. കാണുന്നതിൽത്തന്നെ വ്യക്തതയുണ്ടായെന്നു വരില്ല. പണ്ഡിറ്റ് ജവാഹർലാൽ നെഹ്റുവിന്റെ മരണത്തിനുമുമ്പു നമുക്കു നഷ്ടപ്പെട്ടത് ഒരു പ്രധാനമന്ത്രിയല്ല. ഈ ദുഃഖം ജീവിക്കുന്ന എല്ലാവർക്കും തങ്ങളുടെ രക്ഷിതാവും സമാശ്വാസകനും നഷ്ടപ്പെട്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളുമായി യോജിക്കുന്നവരും വിയോജിക്കുന്നവരും കുറച്ചുപേരല്ല. അദ്ദേഹത്തിൽ ഒരു രക്ഷിതാവിനെ കണ്ടെത്തിയിരുന്ന, ഇൽഹിയിൽ തങ്ങളുടേതായ ഒരു മനുഷ്യൻ, തങ്ങളുടെ വർത്തമാനജീവിതത്തിലും ഭാവിയിലും ഒരുത്തരുമായ ഒരു മനുഷ്യൻ, ജീവിച്ചിരിക്കുന്നുവെന്നുള്ള ബോധം എല്ലാ ഭാരതീയനിലും ഉണർത്തുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. തങ്ങളുടെ പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ മുമ്പിലെത്തിക്കാൻ കഴിഞ്ഞാൽ അവയ്ക്കൊരു പരിഹാരം അദ്ദേഹമുണ്ടാക്കിത്തരും എന്നുള്ള ന്യായമായും ജനങ്ങൾ വിശ്വസിച്ചു. അനുവേദനാപൂർവ്വമായ ഈ വിശ്വാസത്തെ ദുഷ്പ്രയുക്തകയും ചെയ്തു, അങ്ങിനെ ജനതയുടെ ഹൃദയത്തിൽ ഒരു രക്ഷിതാവും സമാശ്വാസകനുമെന്ന ബോധം വളർത്തുവാൻ കഴിഞ്ഞിട്ടുള്ള, ലോകചരിത്രത്തിലെ അപൂർവ്വവ്യക്തികളിൽ ഒരാളാണ് പണ്ഡിറ്റ് നെഹ്റുവിന്റെ നിര്യാണംമൂലം നമുക്കു നഷ്ടപ്പെട്ടിട്ടുള്ളത്. ശക്തിമത്തായ ഫ്രഞ്ചുപ്രതിക്ഷാശീലത്തെപ്പോലും അരക്ഷിതബോധത്തിൽനിന്നുണ്ടായ ഒരു കരിനിഴൽ ആവരണം ചെയ്തുകയാണ്. ഈ ആവരണത്തെ നമുക്കു തട്ടിനീക്കാതിരുന്നുകൂടാ. നാമങ്ങിനെ ചെയ്യാതിരിക്കുന്നപക്ഷം അദ്ദേഹം നമ്മിൽ ഊന്നിയുറപ്പിക്കാനുദ്ദേശിച്ചുനിർമ്മിതയുടെതായവീക്ഷണം തന്നെ നാം ഉൾക്കൊണ്ടില്ലെന്നുവരും. അതുകൊണ്ട്, ഗാന്ധിജിയുടെശേഷം, ഗാന്ധിജിയാൽ നൽകപ്പെട്ട ശിക്ഷണങ്ങളിലൂടെ ഇന്ത്യ നിലനില്പുകയും വികസിക്കുകയും ചെയ്തുപോലെ, പണ്ഡിറ്റ്ജിയുടെ ശേഷവും അദ്ദേഹം നമുക്കു നൽകിയ മഹത്തായ സന്ദേശങ്ങളിലൂടെയും ശിക്ഷണങ്ങളിലൂടെയും വളരുകയും വികസിക്കുകയുംതന്നെ വേണം.

പൈതൃകം

സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പോരാളിയായിരുന്ന അദ്ദേഹത്തിന്റെ ജീവിതം ത്യാഗോജ്ജ്വലംതന്നെ. പക്ഷേ, അതു പണ്ഡിറ്റ് നെഹ്റുവിനെ മാതൃമുണ്ടായിരുന്ന ഗുണമല്ല. ഗാന്ധിജിയിൽ കണ്ടപ്പിടിച്ചെടുക്കപ്പെട്ട നമ്മുടെ പടനായകന്മാർ കാരാഗൃഹത്തടവുകളും ജീവിതം അങ്ങിനെതന്നെയായിരുന്നു. ആ ഓരോ ജീവിതവും തന്റെ പ്രാണനിശ്വാസംകൊണ്ടുനിലയിട്ടാണ് സ്വാതന്ത്ര്യം വളർത്തിയെടുത്തുതു. പണ്ഡിറ്റ് നെഹ്റു നമുക്ക് സവിശേഷമായി നല്കിയ പൈതൃകമെന്തു?—ഇതു നാം ആലോചിക്കണം.

സ്വാതന്ത്ര്യസമരം

ഗാന്ധിജിയല്ല ഇന്ത്യയിൽ സ്വാതന്ത്ര്യസമരമാരംഭിച്ചതു്. പക്ഷേ, ഗാന്ധിജിയാണ് ആ സമരം ഇന്ത്യൻജനതയുടേതാക്കിത്തീർത്തതു്. അങ്ങിനെ ഇന്ത്യൻജനതയുടേതായി വളർന്നവന്ന സ്വാതന്ത്ര്യസമരത്തെ വിശ്വവിശാലമായ ഒരു പശ്ചാത്തലത്തിൽവെച്ചു നോക്കിക്കാണാൻ ഇന്ത്യക്കാരനെ പഠിപ്പിച്ചതു് പണ്ഡിറ്റ്ജിയാണ്. ഏഷ്യയിലെയും ആഫ്രിക്കയിലെയും മാത്രമല്ല, ലോകത്തിൽ എവിടെയെല്ലാം അസ്വാതന്ത്ര്യമനുഭവിക്കുന്ന ജനതയുണ്ടോ അവരുടെയെല്ലാം സമരത്തിന്റെ ഒരു ഭാഗമാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരമെന്ന ബോധമുണ്ടാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇതു നമുക്ക് രാഷ്ട്രതന്ത്രജ്ഞതയുടെ ഒരു വീക്ഷണമുണ്ടാക്കിത്തന്നതിനും അങ്ങേയറ്റം സഹായിച്ചിട്ടുണ്ട്; ലോകത്തിൻറെ മുഴുവൻ നേട്ടത്തേയും ഇന്ത്യയിലേക്ക് ആകർഷിക്കുന്നതിനും അതിനെ സാധിച്ചിരിക്കുന്നു. നമ്മുടെ പ്രശ്നങ്ങളെ വിശാലമായ ലോകത്തിൻറെ പ്രശ്നങ്ങളുമായി കൂട്ടിയിണക്കിയും തട്ടിച്ചുനോക്കിയും മനസ്സിലാക്കുന്നതിനുള്ള ഈ പ്രേരണ ഇന്ത്യയിലെ ബഹുജന-രാഷ്ട്രീയപ്രസ്ഥാനങ്ങളിൽ ചെലുത്തിയതു് പണ്ഡിറ്റ്ജിയാണ്. അതൊരു നിസ്സാരകാര്യമല്ല. നമ്മുടെ രാഷ്ട്രീയജീവിതത്തിനു് ഗാന്ധിജി അഗാധമായ നവ്യത്വം പകർന്നു

ഗ്രന്ഥവിഹാരം

ഓർമ്മകളുടെ രാത്രി

(നോവൽ)

ഗ്രന്ഥകർത്താവ്:— കെ. എം. തരകൻ എം. എ.

പ്രസാധകർ:— മനോരമ പബ്ലിഷിംഗ് ഹൗസ്, കോട്ടയം.

വില ക. 1—50 പുറം 130

= ടോംജോസ് =

കഥകളുടെ കലവറയാണ് ബൈബിൾ. ബൈബിളിനെ ഉപജീവിച്ച് വിശ്വസാഹിത്യത്തിൽ രചനകണക്കിനു മഹത്തായ കലാശില്പങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നതുപോലെയല്ല ബൈബിൾ സ്വാധീനം ചെലുത്താത്ത പ്രതിഭാശാലികൾ വിരളം വിശ്വസാഹിത്യത്തിൽ അപൂർവ്വമാണ്.

നമ്മുടെ നാട്ടിലെ സ്ഥിതി മറിച്ചാണ്. ബൈബിളാകുന്ന ഖനിയിൽ ഖനനം നടത്തുവാൻ അധികമാരും തുനിഞ്ഞിട്ടില്ല. ശ്രീയേശുവിജയം, വേദവിഹാരം, ഇസ്രായേൽ വംശം എന്നിങ്ങനെ മൂന്നു മഹാകാവ്യങ്ങളും മഗ്ദലനമറിയം തുടങ്ങിയ ചില ഖണ്ഡകാവ്യങ്ങളും ശ്രീ ഒ, കണ്ണിനു പകരം കണ്ണ്, ദിവ്യനക്ഷത്രം, ശ്രീയേശുനാടകം തുടങ്ങിയ ഏതാനും നാടകങ്ങളും മാത്രമേ ബൈബിളിനെ ഉപജീവിച്ച് ഭാഷയിൽ മൊഞ്ഞെടുത്തിട്ടുള്ളൂ. അത്തരമൊരു എളിയശ്രമമാണ് ശ്രീ കെ. എം. തരകൻതന്നെ. 'ഓർമ്മകളുടെ രാത്രി' എന്ന ഈ നോവലിലെ കഥ വിശുദ്ധ വേദപുസ്തകത്തിൽനിന്നാണ്. പഴയ നിയമത്തിൽ നാലദ്ധ്യായങ്ങളിൽ 80ൽപരം വാക്യങ്ങളിൽ തൃത്തിന്റെ കഥ വിവരിക്കപ്പെട്ടിരിയ്ക്കുന്നു. അതിൽ മൂന്നര നാലും അദ്ധ്യായങ്ങളിലെ 31 വാക്യങ്ങളിലെ ശ്രദ്ധയ്ക്കമായ പ്രമേയമാണ് ഈ നോവലിനു് അവലംബം.

ഒരു രാത്രിയിൽ ഒരു യുവതിയുടെ മനസ്സിൽകൂടി കടന്നുപോകുന്ന ഓർമ്മകളിൽകൂടി ഒരു കഥ അവതരിപ്പിക്കുവാനാണ് ശ്രീ കെ. എം. തരകൻ ശ്രമിച്ചിരിക്കുന്നതു്. നൂതനമായ ഒരാഖ്യാനരീതിയാണ് തരകൻറേതു്. ഒരു രാത്രിയിലെ ഏതാനും മണിക്കൂറുകൾക്കുള്ളിൽ കഥാനായികയായ തൃതിന്റെ ബോധമണ്ഡലത്തിൽ പ്രതിഫലിക്കുന്ന ജീവിതകഥാതിന്റെ മുഴുവൻ വികാരവിചാരപ്രതിയോടുകൂടി ചിത്രീകരിക്കുവാൻ തരകനു് നിഷ്പ്രയാസം സാധിച്ചിരിക്കുന്നു.

അതിനു് തരകനെ സഹായിച്ചതു് മനഃശാസ്ത്രവിജ്ഞാനത്തിന്റെ നിഗമനങ്ങളാണ്. മനുഷ്യന്റെ ആന്തരപ്രപഞ്ചത്തിലെ വിഭ്രാന്തസംഘർഷങ്ങളുടെ നേതാക്കളാണല്ലോ മനഃശാസ്ത്രജ്ഞന്മാർ. ബെർഗ്സൺ, ഫ്രോയിഡ്, യുങ്ങ്, ആഡ്ലർ മുതലായ പ്രശസ്തചിന്തകന്മാരുടെ നിഗമനങ്ങൾവഴി മനുഷ്യമനസ്സിന്റെ ഇരുളടഞ്ഞ ഗുഹകളിലേക്കു് നമ്മുടെ കണ്ണുകൾ തിരിക്കുവാനും കാഴ്ചകൾ കാണുവാനും നമുക്കും എളുപ്പം കഴിയുന്നു. ഇങ്ങനെ കണ്ടെത്തിയ അറിവുവെച്ചുകൊണ്ടാണ് തരകൻ ഈ 'ഓർമ്മകളുടെ രാത്രി'യ്ക്കു് തറക്കല്ലിടുന്നതു്. തന്മൂലം ഈ നോവലിൽ മനോവിജ്ഞാനീയത്തിന്റെ അത്യന്തകരങ്ങളായ ഗവേഷണഫലങ്ങൾ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു് എനിക്കു് ഉറപ്പിച്ചുപറയുവാൻ കഴിയും. ജീവിതവീക്ഷണം, കഥാപാത്രചിന്തനം, ആഖ്യാനസമ്പ്രദായം, ഭാഷാപ്രയോഗം എന്നിവയിലെല്ലാം തരകന്റെ മനഃശാസ്ത്രജ്ഞാനം സ്വാധീനം ചെലുത്തിയിരിക്കുന്നു.

തൃതിന്റെ സ്വഭാവം ചിത്രീകരിക്കുന്നതിലും അവർക്കു് മറ്റു പാത്രങ്ങളോടുള്ള ബന്ധം വിശദമാക്കുന്നതിലും തരകൻ വിജയിച്ചു; വിജയത്തിനുനിദാനം അവളുടെ ഉപബോധമനസ്സിനെക്കുറിച്ചു് സമൃദ്ധമായ അറിവുമനഃശാസ്ത്രപണ്ഡിതനായ തരകനു് ഉണ്ടായിരുന്നു എന്നതുതന്നെ. ഉപബോധമനസ്സിന്റെ പ്രേരണകളാണ് മനുഷ്യന്റെ പ്രവൃത്തികളിൽ ഭൂരിപക്ഷത്തെയും നിയന്ത്രിക്കുന്നതെന്ന സാമാന്യതത്വം ശരിക്കും ബോധ്യമുള്ള ആളാണ് ഈ കഥാകൃത്തു്.

ജീവജാലങ്ങളെ കൃത്യോന്മുഖരാക്കുന്ന അടിസ്ഥാന പ്രേരണ ലൈംഗികാഭിവാഞ്ഛയാണെന്നാണ് ഫ്രോയിഡിന്റെ മതം. പെണ്ണിന്റെ ജീവിതം ഗർഭപാത്രത്തിലാണെന്നദ്ദേഹം കരുതുന്നു. ഈ ഫ്രോയിഡിയൻ വാദഗതിയുടെ പശ്ചാത്തലത്തിൽനിന്നുകൊണ്ടുവേണം ഈ 'ഓർമ്മകളുടെ രാത്രി'യ്ക്കു് തറക്കല്ലു പണിതതു്. തന്മൂലം ഈ നോവലിൽ മനോവിജ്ഞാനീയത്തിന്റെ അത്യന്തകരങ്ങളായ ഗവേഷണഫലങ്ങൾ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു് എനിക്കു് ഉറപ്പിച്ചുപറയുവാൻ കഴിയും. ജീവിതവീക്ഷണം, കഥാപാത്രചിന്തനം, ആഖ്യാനസമ്പ്രദായം, ഭാഷാപ്രയോഗം എന്നിവയിലെല്ലാം തരകന്റെ മനഃശാസ്ത്രജ്ഞാനം സ്വാധീനം ചെലുത്തിയിരിക്കുന്നു.

തൃതിന്റെ സ്വഭാവം ചിത്രീകരിക്കുന്നതിലും അവർക്കു് മറ്റു പാത്രങ്ങളോടുള്ള ബന്ധം വിശദമാക്കുന്നതിലുംതരകൻ വിജയിച്ചു; വിജയത്തിനുനിദാനം അവളുടെ ഉപബോധമനസ്സിനെക്കുറിച്ചു് സമൃദ്ധമായ അറിവുമനഃശാസ്ത്രപണ്ഡിതനായ തരകനു് ഉണ്ടായിരുന്നു എന്നതുതന്നെ. ഉപബോധമനസ്സിന്റെ പ്രേരണകളാണ് മനുഷ്യന്റെ പ്രവൃത്തികളിൽ ഭൂരിപക്ഷത്തെയും നിയന്ത്രിക്കുന്നതെന്ന സാമാന്യതത്വം ശരിക്കും ബോധ്യമുള്ള ആളാണ് ഈ കഥാകൃത്തു്.

ജീവജാലങ്ങളെ കൃത്യോന്മുഖരാക്കുന്ന അടിസ്ഥാന പ്രേരണ ലൈംഗികാഭിവാഞ്ഛയാണെന്നാണ് ഫ്രോയിഡിന്റെ മതം. പെണ്ണിന്റെ ജീവിതം ഗർഭപാത്രത്തിലാണെന്നദ്ദേഹം കരുതുന്നു. ഈ ഫ്രോയിഡിയൻ വാദഗതിയുടെ പശ്ചാത്തലത്തിൽനിന്നുകൊണ്ടുവേണം ഈ 'ഓർമ്മകളുടെ രാത്രി'യ്ക്കു് തറക്കല്ലിടുന്നതു്. തന്മൂലം ഈ നോവലിൽ മനോവിജ്ഞാനീയത്തിന്റെ അത്യന്തകരങ്ങളായ ഗവേഷണഫലങ്ങൾ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു് എനിക്കു് ഉറപ്പിച്ചുപറയുവാൻ കഴിയും. ജീവിതവീക്ഷണം, കഥാപാത്രചിന്തനം, ആഖ്യാനസമ്പ്രദായം, ഭാഷാപ്രയോഗം എന്നിവയിലെല്ലാം തരകന്റെ മനഃശാസ്ത്രജ്ഞാനം സ്വാധീനം ചെലുത്തിയിരിക്കുന്നു.

തൃതിന്റെ സ്വഭാവം ചിത്രീകരിക്കുന്നതിലും അവർക്കു് മറ്റു പാത്രങ്ങളോടുള്ള ബന്ധം വിശദമാക്കുന്നതിലുംതരകൻ വിജയിച്ചു; വിജയത്തിനുനിദാനം അവളുടെ ഉപബോധമനസ്സിനെക്കുറിച്ചു് സമൃദ്ധമായ അറിവുമനഃശാസ്ത്രപണ്ഡിതനായ തരകനു് ഉണ്ടായിരുന്നു എന്നതുതന്നെ. ഉപബോധമനസ്സിന്റെ പ്രേരണകളാണ് മനുഷ്യന്റെ പ്രവൃത്തികളിൽ ഭൂരിപക്ഷത്തെയും നിയന്ത്രിക്കുന്നതെന്ന സാമാന്യതത്വം ശരിക്കും ബോധ്യമുള്ള ആളാണ് ഈ കഥാകൃത്തു്.

ജീവജാലങ്ങളെ കൃത്യോന്മുഖരാക്കുന്ന അടിസ്ഥാന പ്രേരണ ലൈംഗികാഭിവാഞ്ഛയാണെന്നാണ് ഫ്രോയിഡിന്റെ മതം. പെണ്ണിന്റെ ജീവിതം ഗർഭപാത്രത്തിലാണെന്നദ്ദേഹം കരുതുന്നു. ഈ ഫ്രോയിഡിയൻ വാദഗതിയുടെ പശ്ചാത്തലത്തിൽനിന്നുകൊണ്ടുവേണം ഈ 'ഓർമ്മകളുടെ രാത്രി'യ്ക്കു് തറക്കല്ലിടുന്നതു്. തന്മൂലം ഈ നോവലിൽ മനോവിജ്ഞാനീയത്തിന്റെ അത്യന്തകരങ്ങളായ ഗവേഷണഫലങ്ങൾ